بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 8

ലക്കം 25

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ജൂൺ 22/ ഹി.ശം 1402 ഇഹ്സാൻ 22/ ഹി:ഖ 1444 ദുൽഹജ്ജ് 03


## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيۡنَ اٰمَنُوۡۤا اِنۡ تَتَّقُوا اللّٰهَ يَجۡعَلۡ لَّـكُمۡ فُرۡقَانًا وَّيُكَفِّرۡ عَنۡكُمۡ سَيِّاٰتِكُمۡ وَيَغۡفِرۡ لَـكُمۡ‌ؕ وَاللّٰهُ ذُو الۡفَضۡلِ الۡعَظِيۡمِ

(انفال:30)

വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുന്നവരായാൽ അവൻ നിങ്ങൾക്കൊരു വിവേചകവൈശിഷ്ട്യം നല്കുകയും നിങ്ങളുടെ വൈകല്യങ്ങളെ ദൂരീകരിക്കുകയും നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു മഹത്തായ അനുഗ്രഹങ്ങളുടെ ഉടമയാകുന്നു. (വിശുദ്ധ ഖുർആൻ 8:30)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിന സ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

### വീണു കിട്ടിയ മുതൽ

(2372)ഹദ്റത്ത് സയ്ദുബ്നുൽ ഖാലിദ് (റ) നിവേദനം. ഒരാൾ വന്ന് നബി (സ)തിരുമേനിയോടു വീണുകിട്ടുന്ന സാധനത്തെ കുറിച്ച് ചോദിച്ചു: നബി (സ)തിരുമേനി പറഞ്ഞു: 'നീ അതിന്റെ കെട്ട് അല്ലെങ്കിൽ പാത്രവും മൂടിയും സൂക്ഷിച്ചു മനസ്സിലാക്കുക. എന്നിട്ട് ഒരു കൊല്ലം അതു പരസ്യപ്പെടുത്തുക. എന്നിട്ടും ഉടമസ്ഥൻ വന്നില്ലെങ്കിൽ നിനക്കത് ഉപയോഗിക്കാം. പിന്നീട് ഉടമസ്ഥൻ വന്നാലോ അപ്പോൾ അതയാൾക്ക് വിട്ടു കൊടുക്കുക.' അപ്പോൾ അയാൾ നബിയോടു ചോദിച്ചു, ഒട്ടകമാണ് കളഞ്ഞുകിട്ടിയതെങ്കിലോ? ഇതുകേട്ട് നബി(സ)തിരുമേനിക്ക് ദേഷ്യം വന്നു. അവിടത്തെ രണ്ടു കവിൾത്തടങ്ങളും അല്ലെങ്കിൽ മുഖം ചെമന്നുതുടുത്തു. നബി(സ) പറഞ്ഞു: 'നിനക്കെന്താണ്? (അതിനെ പിടിക്കേണ്ട കാര്യം). അതിന്റെ വെള്ളവും പാത്രവും അതിന്റെ ചെരിപ്പും അതിനോടു കൂടെത്തന്നെയുണ്ടല്ലോ? അത് ജലാശയത്തിങ്കൽ ചെല്ലുകയും ചെടികൾ മേഞ്ഞുതിന്നുകയും ചെയ്തുകൊള്ളും. അതിനാൽ നീ അതിനെ വിട്ടയക്കുക. അതിനെ ഉടമസ്ഥൻ തിരഞ്ഞു പിടിച്ചുകൊള്ളും.'അയാൾ ചോദിച്ചു ആടിനെയാണ് കളഞ്ഞുകിട്ടിയതെങ്കിലോ?'ആട് നിനക്കോ നിന്റെ സഹോദരനോ അല്ലെങ്കിൽ ചെന്നായ്ക്കോ ഉള്ളതാണ്.(അതിനാൽ നീ എടുത്തു കൊള്ളുക).(സ്വഹീഹ് ബുഖാരി, വാല്യം 4, കിതാബുൽ മുസാഖാത്ത്, പ്രസാധനം 2008 ഖാദിയാൻ.)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

### ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ 2023 മെയ് 12 (സമ്പൂർണ തർജമ)

ആത്മത്യാഗികളുടെ ഒളിമങ്ങാത്ത ജീവിതമാതൃക

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം


**മരിച്ചവരോടു സഹായം തേടുക എന്നത് അങ്ങേയറ്റം വെറുപ്പോടുകൂടിയാണ് നാം കാണുന്നത്. അല്ലാഹു ഒരിടത്തും മരിച്ചവരുടെ അടുത്തു പോകാൻ മാർഗനിർദേശം നല്കിയിട്ടില്ല. പ്രത്യുത, *കൂനൂ മഅസ്സ്വാദിഖീൻ* (9:119)എന്ന് കല്പന നല്കിക്കൊണ്ട് ജീവിച്ചിരിക്കുന്നവരുടെ സഹവാസത്തിൽ കഴിയാനാണ് കല്പിച്ചിട്ടുള്ളത്. ഈമാനുള്ളവന്റെ സഹവാസത്തിൽ കഴിയാത്തിടത്തോളം ഈമാൻ ശരിയാകുകയില്ലെന്ന് ഞാൻ സത്യമായും സത്യമായും പറയുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### സൽസ്വഭാവികളുമായുള്ള സഹവാസം

മരിച്ചവരോടു സഹായം തേടുക എന്നത് അങ്ങേയറ്റം വെറുപ്പോടുകൂടിയാണ് നാം കാണുന്നത്. മരിച്ചവരുടെ അടുത്ത് മടങ്ങിപ്പോകുകയും ജീവിച്ചിരിക്കുന്നവരുടെ അടുത്തുനിന്ന് ഓടിപ്പോകുകയും ചെയ്യുക എന്നത് ദുർബലവിശ്വാസികളുടെ പ്രവൃത്തിയാണ്. അല്ലാഹു പറയുന്നു:ഹദ്റത്ത് യൂസുഫ്(അ)ന്റെ ജീവിതത്തിൽ ആളുകൾ അദ്ദേഹത്തിന്റെ പ്രവാചകത്വത്തെ നിഷേധിച്ചിരുന്നു. അദ്ദേഹം വഫാത്തായ ദിവസം ഇന്ന് പ്രവാചകത്വം അവസാനിച്ചിരിക്കുന്നുവെന്ന് അവർ പറഞ്ഞു. അല്ലാഹു ഒരിടത്തും മരിച്ചവരുടെ അടുത്തു പോകാൻ മാർഗനിർദേശം നല്കിയിട്ടില്ല. പ്രത്യുത കൂനൂ മഅസ്സ്വാദിഖീൻ (9:119)എന്ന് കല്പന നല്കിക്കൊണ്ട് ജീവിച്ചിരിക്കുന്നവരുടെ സഹവാസത്തിൽ കഴിയാനാണ് കല്പിച്ചിട്ടുള്ളത്. ഇക്കാരണത്താലാണ് നാം ആവർത്തിച്ചാവർത്തിച്ച് സ്നേഹിതന്മാർ ഇവിടെ വരണമെന്നും താമസിക്കണമെന്നും താക്കീതു ചെയ്ത് പറയുന്നത്. നാം ഏതൊരു സ്നേഹിതന്മാരോടാണോ ഇവിടെ വന്ന് താമസിക്കാൻ പറയുന്നത് അവരുടെ ആ അവസ്ഥയിൽ അനുകമ്പകാണിച്ച് സഹതാപത്തോടും നന്മ ആഗ്രഹിച്ചും കൊണ്ടാണ് പറയുന്നതെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നു. ഈമാനുള്ളവന്റെ സഹവാസത്തിൽ കഴിയാത്തിടത്തോളം ഈമാൻ ശരിയാകുകയില്ലെന്ന് ഞാൻ സത്യമായും സത്യമായും പറയുന്നു. കാരണം പ്രകൃതങ്ങൾ വിവിധങ്ങളാകുന്നു. ഒരേ സമയത്ത് എല്ലാതരത്തിലുമുള്ള

(ശേഷം പേജ് 12 ൽ)

**ഈ ആയത്തിൽ ഇസ്‌ലാമിക വ്യവസ്ഥിതിയുടെ മറ്റൊരു കൽപന വിവരിക്കപ്പെട്ടിരിക്കുകയാണ്. അതിൽ ഇസ്‌ലാം മറ്റു മതങ്ങളിൽനിന്ന് സവിശേഷതയുള്ളതും വ്യതിരിക്തവുമാണ്. അനാഥരോടു നല്ലനിലയിൽ പെരുമാറണമെന്ന കൽപന എല്ലാ മതങ്ങളിലും കാണാം. പക്ഷേ, അവരുടെ സമ്പത്തുകളെ സംരക്ഷിക്കുകയും അവ വർധിപ്പിക്കുന്നതിന് പരിശ്രമിക്കുകയും ചെയ്യുക എന്ന കൽപന മറ്റൊരു മതത്തിലുമില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറ ബനീ ഇസ്റാഈലിലെ 35-ാമത്തെ വചനമായ

وَلَا تَقۡرَبُوۡا مَالَ الۡيَتِيۡمِ اِلَّا بِالَّتِىۡ هِىَ اَحۡسَنُ حَتّٰى يَبۡلُغَ اَشُدَّهٗ‌ وَاَوۡفُوۡا بِالۡعَهۡدِ‌ اِنَّ الۡعَهۡدَ كَانَ مَسۡـُٔوۡلًا۔

(അനാഥൻ പ്രായപൂർത്തി എത്തുന്നതുവരെ ഏറ്റവും നല്ല മാർഗത്തിലൂടെയല്ലാതെ നിങ്ങൾ അവന്റെ ധനത്തെ സമീപിക്കരുത്. നിങ്ങൾ കരാറുകൾപൂർത്തിയാക്കുക. തീർച്ചയായും കരാറുകൾ ചോദ്യം ചെയ്യപ്പെടുന്നതാണ്)എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു:

യതീമുകളുടെ അതായത് അനാഥരുടെ സമ്പത്തിന്റെ അടുത്തുപോലും പോകാതിരിക്കുക. *ഇല്ലാബില്ലത്തീ ഹിയ അഹ്സൻ* അതായത് ഒരാളുടെ സമ്പത്തിനെ നിയന്ത്രിക്കുന്നതിന് ഒരു മാർഗം മാത്രം മതി. അതായത് അതിനെക്കാൾ അത്യുത്തമമായ ഫലമുണ്ടാക്കുക. അവരുടെ സമ്പത്തിനെ അനുവദനീയമല്ലാത്ത നിലയിൽ ഉപയോഗിക്കാതിരിക്കുക. പ്രത്യുത ആ സമ്പത്ത് വർധിക്കുകയും അനാഥർക്ക് അത് പ്രയോജനപ്പെടുകയും ചെയ്യുന്ന നിലയിൽ അതിനെ ഉപയോഗിക്കുക. ഈ ആയത്തിൽ ഇസ്‌ലാമിക വ്യവസ്ഥിതിയുടെ മറ്റൊരു കൽപന വിവരിക്കപ്പെട്ടിരിക്കുകയാണ്. അതിൽ ഇസ്‌ലാം മറ്റു മതങ്ങളിൽനിന്ന് സവിശേഷതയുള്ളതും വ്യതിരിക്തവുമാണ്. അനാഥരോടു നല്ലനിലയിൽ പെരുമാറണമെന്ന കൽപന എല്ലാ മതങ്ങളിലും കാണാം. പക്ഷേ, അവരുടെ സമ്പത്തുകളെ സംരക്ഷിക്കുകയും അവ വർധിപ്പിക്കുന്നതിന് പരിശ്രമിക്കുകയും ചെയ്യുക എന്ന കൽപന മറ്റൊരു മതത്തിലുമില്ല. ഈ ആയത്തിൽ ഒരു പൊതുവായ കോർട്ട് ഓഫ് വാർഡ്സ് നിശ്ചയിക്കപ്പെട്ടിരിക്കുകയാണ്. അതായത് പ്രായപൂർത്തിയാകാത്ത കുട്ടികളുടെ വസ്തുക്കൾ സംരക്ഷിക്കുന്ന വിഭാഗം. ഇക്കാലത്ത് പാശ്ചാത്യഭരണകൂടങ്ങളുടെ കീഴിൽ ഈ കൽപനയനുസരിച്ചുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. ഈ ചിന്തയുടെ അടിത്തറയിട്ടത് ഇന്നേക്ക് 1300 വർഷം മുമ്പേ ഇസ്‌ലാം തന്നെയാണ് *വ ഔഫൂ ബിൽ അഹ്ദി* നിങ്ങൾ ചെയ്ത ഉടമ്പടി നിറവേറ്റുക. ബാഹ്യത്തിൽ നോക്കുമ്പോൾ ഈ വാക്യത്തിന് യതീമീങ്ങളെ കുറിച്ചു പറയുന്ന കാര്യവുമായി ബന്ധമൊന്നുമില്ലെന്ന് തോന്നുന്നുണ്ട്. കാരണം അനാഥർക്ക് ഉടമ്പടിയുമായി പ്രത്യേക ബന്ധമൊന്നും കാണുന്നില്ല. പക്ഷേ, യാഥാർഥ്യമതല്ല. എന്താകൊണ്ടെന്നാൽ(1)അഹ്ദ് അഥവാ ഉടമ്പടി എന്നതിന്റെ അർഥം ചുമതല എന്നുമുണ്ട്. *ഫുലാനുൻ വലിയ്യുൽ അഹ്ദി* എന്ന് പറയാറുണ്ട്. അതായത് ഭരണകൂടത്തിന്റെ ചുമതലയുള്ള സംരക്ഷകൻ. ഈ അർഥങ്ങളുടെ അടിസ്ഥാനത്തിൽ ഈ വാക്യത്തിന്റെ അർഥം അനാഥരെ സംബന്ധിച്ച് നിങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുക. അവരുടെ സമ്പത്തിന് സംവിധാനത്തിന്റെ ആവശ്യമുള്ളതുവരെ സംവിധാനം ചെയ്യുക. അവരുടെ സമ്പത്ത് അവർക്ക് ഏല്പിച്ചുകൊടുക്കേണ്ട സമയം വരുമ്പോൾ അവരുടെ സമ്പത്ത് അവർക്ക് കൊടുക്കുക എന്നൊക്കെയാണ്. രണ്ടാമതായി അനാഥരുടെ സമ്പത്തിന്റെ സംരക്ഷണം അവരോടുള്ള ഔദാര്യമൊന്നുമല്ലെന്നും പ്രത്യുത അല്ലാഹുവിന്റെ കൽപനയും ഇസ്‌ലാമിക വ്യവസ്ഥിതിയുടെ ഒരു ഭാഗവുമാണെന്നുള്ള കാര്യത്തിലേക്ക് സൂചനയും നനല്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഔദാര്യമെന്ന് മനസ്സിലാക്കി ഈ ജോലി ചെയ്യാതി

(ശേഷം പേജ് 12 ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

ലോകത്തുള്ള മുഴുവൻ രാജ്യങ്ങളിലും ശൂറ(കൂടിയാലോചന) സംഘടിപ്പിക്കുന്നത്, നമ്മൾ നമ്മുടെ കർമപരമായഅവസ്ഥകളെ നന്നാക്കുന്നതിന് പദ്ധതിരേഖ തയ്യാറാക്കുന്നതോടൊപ്പം ഏകനായ അല്ലാഹുവിന്റെ സന്ദേശമെത്തിക്കുന്നതിനും ലോകത്തെ ഒരൊറ്റ സമുദായമാക്കുന്നതിനും നബി(സ)തിരുമേനിയുടെ കൊടിക്കീഴിൽ കൊണ്ടുവരുന്നതിനും വിപ്ലവകരമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമാണ്.

മജ്ലിസെ ശൂറായുടെ ശിപാർശകൾക്കും കാലത്തിന്റെ ഖലീഫ അതിലെടുക്കുന്ന തീരുമാനങ്ങൾക്കും ശേഷമാണ് അംഗങ്ങളുടെ ചില ചുമതലകൾ ആരംഭിക്കുന്നത്. അതു നിറവേറ്റേണ്ടതും തങ്ങളുടേതായ പങ്കു വഹിക്കേണ്ടതും ശൂറാ അംഗങ്ങളുടെ നിർബന്ധ കടമയാണ്.

അവരുടെ ചുമതല നബി(സ)തിരുമേനിയുടെ പ്രവൃത്തി മുന്നോട്ടു കൊണ്ടുപോകുകയാണ്. പിന്നെ നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് അവിടത്തെ സേവകനായിവന്ന മസീഹ് മൗഊദിന്റേയും മഹ്ദിയെ മഅ്ഹൂദിന്റേയും മിഷൻ(ദൗത്യം) പൂർത്തിയാക്കലാണ്. സ്നേഹത്തോടും പ്രീതിയോടും മൃദുലഭാവത്തോടുംകൂടി പ്രവർത്തിക്കുക എന്നത് അവരുടെ ജോലിയാണ്.

മജ്ലിസെ ശൂറാ അഥവാ കൂടിയാലോചനസഭ അഭിപ്രായം പറയാനുള്ള സഭയാണ്. തീരുമാനമെടുക്കാനുള്ളതല്ല.

ഹദ്റത്ത് അബൂഹുറയ്റ(റ) വിവരിക്കുന്നു, തന്റെ സ്വഹാബിമാരിൽനിന്ന് അഭിപ്രായമെടുക്കുന്ന കാര്യത്തിൽ നബി(സ)തിരുമേനിയെക്കാൾ കൂടുതലായി ഞാൻ മറ്റാരേയും കണ്ടിട്ടില്ല.

അല്ലാഹുവിന്റെ കൽപനയും നബി(സ)തിരുമേനിയുടെ സുന്നത്തുപ്രകാരവും കാലത്തിന്റെ ഖലീഫയും ലോകത്തു വ്യാപിച്ചിട്ടുള്ള ജമാഅത്തുകളിൽനിന്ന് അവിടുത്തെ അവസ്ഥകൾക്കനുസരിച്ച് അഭിപ്രായങ്ങളാരായുന്നു.

എവിടെയൊക്കെയാണോ നമ്മുടെ ശൂറാ അംഗങ്ങളുള്ളത്, അവർ അഭിപ്രായം പറയുമ്പോൾ ഏറ്റവുമാദ്യം തങ്ങളെത്തന്നെ അതിന് തയ്യാറാക്കേണ്ടതാണെന്ന് എപ്പോഴും ഓർക്കേണ്ടതാണ്; ഈ അഭിപ്രായങ്ങളുടെ അംഗീകാരത്തിനുശേഷം അല്ലെങ്കിൽ എന്തൊന്നാണോ കാലത്തിന്റെ ഖലീഫ തീരുമാനിക്കുന്നത് ഏറ്റവുമാദ്യം തങ്ങളാണ് അത് നടപ്പിൽവരുത്താൻ എല്ലാ ത്യാഗവും ചെയ്യേണ്ടത്.

അഭിപ്രായം പറയുന്നവർ തങ്ങളുടെ അഭിപ്രായങ്ങൾ സദുദ്ദേശ്യത്തോടും ഉന്നതനിലയ്ക്കനുസരിച്ചുള്ളതുമായിരിക്കണമെന്ന് എപ്പോഴും ഓർക്കേണ്ടതാണ്.

ഖിലാഫത്തിനെ സഹായിക്കുന്ന സ്ഥാപനമാണ് ഖിലാഫത്തെന്ന് എപ്പോഴും ഓർക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ജമാഅത്തിൽ ഖിലാഫത്തിനുശേഷം അതിന് വളരെ പ്രാധാന്യമുണ്ട്.

എവിടെയാണോ ശക്തമായ പദ്ധതികൾ ആവശ്യമുള്ളത് അവിടെ കർമപരമായ പരിശ്രമത്തിന്റെ ആവശ്യമുണ്ട്. തങ്ങളുടെ ജമാഅത്തുകളുടെ നിലവാരം കരസ്ഥമാക്കേണ്ട ആവശ്യമുണ്ട്.

തങ്ങളുടെ കർമപരമായ മാതൃകകൾ, ജനങ്ങളോടുള്ള സ്നേഹബന്ധം, അവരുടെ വിഷമത്തിൽ പങ്കാളിയാകുക, അവർക്കുവേണ്ടിയും സ്വന്തത്തിനുവേണ്ടിയും ദുആകൾ ചെയ്യുക, ഖിലാഫത്തിനോടുള്ള അനുസരണത്തിന്റെ നില ഉയർത്തുക തുടങ്ങിയവയൊക്കെ എല്ലാ ശൂറാ അംഗങ്ങളുടേയും പ്രത്യേക തയായിരിക്കും. അപ്പോഴാണ് മൊത്തത്തിലുള ഒരു മാറ്റം ജമാഅത്തിലുണ്ടാകുന്നത് നമ്മൾ കാണുക.

വളരെ കുറഞ്ഞ ചെലവിൽ കൂടുതൽ ദീനീ പ്രചാരണവും പ്രബോധനവും നടക്കുന്ന വിധത്തിലായിരിക്കണം നമ്മുടെ ചന്ദകളുടെ വരുമാന പദ്ധതികളുണ്ടാകേണ്ടത്.

**ശൂറായുടെ പ്രാധാന്യത്തേയും പ്രതിനിധികളുടെ ചുമതലകളേയും സംബന്ധിച്ച് വിവരണം.**

**ഖുത്ബ ജുമുഅ 2023 മെയ് 12/1402 ഹിജ്റത്ത് 12**
**മസ്ജിദ് മുബാറക്, ഇസ്ലാമാബാദ് യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിൽ അസീസ്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

فَبِمَا رَحْمَةٍ مِّنَ اللّٰهِ لِنْتَ لَهُمْ ۚ وَلَوْ كُنْتَ فَظًّا غَلِيْظَ الْقَلْبِ لَانْفَضُّوْا مِنْ حَوْلِكَ ۖ فَاعْفُ

عَنْهُمْ وَاسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِي الْاَمْرِ ۚ فَاِذَا عَزَمْتَ فَتَوَكَّلْ عَلَى اللّٰهِ ۗ اِنَّ اللّٰهَ يُحِبُّ الْمُتَوَكِّلِيْنَ

(آل عمران:160)

ഈ ആയത്തിന്റെ തർജമ ഇപ്രകാരമാണ്:

അല്ലാഹുവിന്റെ മഹത്തായ കാരുണ്യംകൊണ്ടുതന്നെയാണ് നീ അവരോടു സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നെങ്കിൽ അവർ നിന്റെ ചുറ്റുംനിന്ന് ചിതറിപ്പിരിഞ്ഞ് പൊയ്ക്കളയുമായിരുന്നു. അതിനാൽ അവർക്കു നീ മാപ്പു നല്കുകയും അവർക്കായി പാപമോചനത്തിനുവേണ്ടി നീ പ്രാർഥിക്കുകയും പ്രധാന കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ കാര്യം തീരുമാനിച്ചുകഴിഞ്ഞാൽ നീ അല്ലാഹുവിൽ ഭരമേല്പിക്കുക. തീർച്ചയായും അല്ലാഹു (തന്നിൽ)ഭരമേല്പിക്കുന്നവരെ ഇഷ്ടപ്പെടുന്നു.(3:160)

ഈ ദിവസങ്ങളിൽ വിവിധ രാജ്യങ്ങളിൽ ജമാഅത്തിന്റെ മജ്ലിസെശൂറാ(കൂടിയാലോചനാ സഭ) സംഘടിപ്പിച്ചുവരികയാണ്. ചില രാജ്യങ്ങളിൽ നടന്നു കഴിഞ്ഞിരിക്കുന്നു. ചിലയിടങ്ങളിൽ ഈ ആഴ്ചയും മറ്റു ചില സ്ഥലങ്ങളിൽ അടുത്തയാഴ്ചയും നടക്കുന്നതായിരിക്കും. ജർമനിയുടേത് ഇന്ന് ആരംഭിക്കുകയാണ്. അതോടൊപ്പം മറ്റു പല രാഷ്ട്രങ്ങളുടേതും ആരംഭിക്കുന്നുണ്ട്. അടുത്തയാഴ്ച യു.കെയുടെ മജ്ലിസെശൂറാ നടക്കുന്നതായിരിക്കും. അതോടൊപ്പം മറ്റു ചില രാജ്യങ്ങളും ഭാഗഭാക്കാണ്.

## ശൂറയുടെ മാനദണ്ഡം

ശൂറായുടെ പ്രാധാന്യത്തെയും പ്രതിനിധികളുടെ ഉത്തരവാദിത്വങ്ങളെയും കുറിച്ച് ഞാൻ നേരത്തെയും ഖുത്ബകളിൽ ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. പക്ഷേ, അത് കുറെ വർഷം മുമ്പേയായിരുന്നു. അതുകൊണ്ട് ഇന്ന് ഇതേക്കുറിച്ച് അല്ലാഹുവിന്റെ കൽപനയേയും നബി(സ)തിരുമേനിയുടെ മാതൃകയേയും ജമാഅത്തുപരമായ സമ്പ്രദായങ്ങളേയും രീതികളേയും സംബന്ധിച്ച് പറയാമെന്നു കരുതി. മജ്ലിസെശൂറാ(കൂടിയാലോചനാസഭ) നടന്നു കഴിഞ്ഞ സ്ഥലങ്ങളിലും അവിടെയുള്ള ശൂറാ പ്രതിനിധികൾക്കും അവരുടെ ഉത്തരവാദിത്വങ്ങൾ സംബന്ധിച്ച് ഇതിൽനിന്ന് പ്രയോജനമെടുക്കാൻ കഴിയുന്നതാണ്. മജ്ലിസെശൂറാ അംഗങ്ങളുടെ ഉത്തരവാദിത്വങ്ങൾ മജ്ലിസെശൂറായുടെ ശിപാർശകളും അതിൽ ഖലീഫയുടെ തീരുമാനവും വന്നതിനുശേഷമാണ് ആരംഭിക്കുന്നത്. അത് പ്രാവർത്തികമാക്കേണ്ടതും തങ്ങളുടെ പങ്ക് നിർവഹിക്കേണ്ടതും ഓരോ ശൂറാ അംഗത്തിന്റേയും നിർബന്ധകടമയാകുന്നു. ഏതായിരുന്നാലും ഈ ഉത്തരവാദിത്വങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതിനു മുമ്പേ ഞാനിപ്പോൾ പാരായണം ചെയ്ത ആയത്തിന്റെ വെളിച്ചത്തിൽ ചില കാര്യങ്ങളും നബി(സ)തിരുമേനിയുടെ മാതൃകയും അവിടത്തെ രീതികളും വിവരിക്കുന്നതായിരിക്കും. ഈ ആയത്തിൽ നബി(സ)തിരുമേനി അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹത്താൽ തന്റെ ഉമ്മത്തിലെ വ്യക്തികൾക്ക് വളരെയേറെ ഹൃദയനൈർമല്യം ഉള്ളയാളാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. അവിടെ അല്ലാഹു നമ്മുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ടു നൽകുന്ന മാർഗദർശനം നബി(സ)തിരുമേനിയുടെ കർത്തവ്യങ്ങളെ മുന്നോട്ട് നയിക്കാൻ ചുമതലപ്പെടുത്തപ്പെട്ടവരും പിന്നെ നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് അവിടത്തെ സേവകനായി വരുന്ന വാഗ്ദത്ത മഹ്ദി മസീഹിന്റെ ദൗത്യം പൂർത്തിയാക്കുന്നവരും സ്നേഹ വാത്സല്യത്തോടെയും സൗമ്യതയോടെയും തങ്ങളുടെ ജോലികൾ നിർവഹിക്കേണ്ടതാണ്.

അല്ലാഹു പറയുന്നു: സൗമ്യഭാവം കാണിക്കാതെ പരുഷഭാവം പ്രകടിപ്പിക്കുകയും ദ്വേഷ്യപ്പെടുകയും ചെയ്യുകയാണെങ്കിൽ ഈ ആളുകളെല്ലാം ദൂരത്ത് ഓടിപ്പോകുന്നതാണ്. ചുരുക്കത്തിൽ അല്ലാഹു മാപ്പാക്കാനും പൊറുക്കാനുംവേണ്ടി ദുആ ചെയ്യുന്നതിന് കൽപിക്കുകയും അതോടൊപ്പം അവരോട് കൂടിയാലോചന നടത്താൻ നിർദേശിക്കുകയും ചെയ്യുന്നു.

ഈ മാനദണ്ഡവും അധ്യാപനവുമനുസരിച്ചാണ് മജ്ലിസെശൂറാ സംഘടിപ്പിക്കുന്നത്. എന്നാൽ, അതിന്റെ പേരിൽനിന്ന് പ്രകടമാകുന്നതുപോലെത്തന്നെ ഇതു കൂടിയാലോചന നടത്തുന്നതിനുള്ള സഭയാകുന്നു. തീരുമാനം എടുക്കുന്നതിനുള്ളതല്ല. അതുകൊണ്ട് പറയുന്നു: കൂടിയാലോചനയ്ക്കുശേഷം നീ തീരുമാനം എടുത്തു കഴിഞ്ഞാൽ അതേപ്പറ്റി അല്ലാഹുവിൽ ഭരമേൽപിച്ചുകൊണ്ട് പ്രവർത്തിച്ചു തുടങ്ങുക.

## നബിതിരുമേനിയുടെ മാതൃക

അല്ലാഹുവിൽ അർപ്പണം(തവക്കുൽ) ചെയ്യുകയാണെങ്കിൽ അല്ലാഹു അതിനുള്ള ഫലങ്ങളും അനിതരസാധാരണമായ അനുഗ്രഹങ്ങളായി വെളിപ്പെടുത്തുന്നതായിരിക്കും. അർപ്പണത്തിന്റെ ഏറ്റവും ഉന്നതമായ മാതൃക നബി(സ)തിരുമേനിയുടെ വ്യക്തിത്വത്തിലാണ് നമുക്കു കാണാൻ കഴിയുന്നത്. നബി(സ)തിരുമേനിക്ക് നിരവധി കാര്യങ്ങളിൽ അല്ലാഹുവിൽനിന്ന് നേരിട്ട് മാർഗദർശനം ലഭിച്ചിരുന്നു. എന്നാൽ, അല്ലാഹുവിൽനിന്ന് വ്യക്തമായ കൽപന ഇല്ലാത്ത കാര്യങ്ങളിൽ തീർച്ചയായും അവരോടു കൂടിയാലോചന നടത്താൻ പ്രത്യേകമായും കൽപിച്ചിരുന്നു. നബി(സ)തിരുമേനിയുടെ ഈ കർമവും അല്ലാഹുവിന്റെ ഈ കൽപനയും ജമാഅത്തിന്റെ ഭാരവാഹികൾ, ജമാഅത്തിലെ അംഗങ്ങളോടു എങ്ങനെ പെരുമാറണമെന്നും നമ്മൾ പരസ്പരം കൂടിയാലോചന നടത്തണമെന്നും നമുക്ക് പറഞ്ഞു തരാനുള്ളതാണ്.

അല്ലാഹുവിന്റെ വലിയ ഔദാര്യമെന്തെന്നാൽ അഹ്മദിയ്യ ജമാഅത്തിന് അല്ലാഹു ഖിലാഫത്തിന്റെ മഹത്തായ അനുഗ്രഹം നൽകിയിരിക്കുന്നു. അതുകൊണ്ട് കാലത്തിന്റെ ഖലീഫയും അല്ലാഹുവിന്റെ കൽപനയും നബി(സ)തിരുമേനിയുടെ സുന്നത്തുമനുസരിച്ച് ലോകത്ത് പരന്നിട്ടുള്ള ജമാഅത്തുകളോടു അവിടങ്ങളിലുള്ള സാഹചര്യങ്ങളനുസരിച്ച് അഭിപ്രായങ്ങൾ തേടുന്നു.

അല്ലാഹു ആഗ്രഹിക്കുകയാണെങ്കിൽ നബി(സ) തിരുമേനിക്ക് എല്ലാ കാര്യങ്ങളിലും മാർഗദർശനം നൽകാൻ കഴിയുമായിരുന്നു എന്നതിൽ സംശയമൊന്നുമില്ല. എന്നാൽ, നബി(സ)തിരുമേനിയോടു ചില കാര്യങ്ങളിൽ അഭിപ്രായം ആരായാൻ കല്പിച്ചുകൊണ്ട്, നബി(സ)തിരുമേനി ചില കാര്യങ്ങളിൽ അഭിപ്രായം ആരാഞ്ഞത് വാസ്തവത്തിൽ നമ്മളെ ശരിയായ പാതയിൽ നടത്താനും പരസ്പര സഹകരണവും സഹവർത്തിത്വവും മുഖേന പ്രവർത്തനങ്ങൾ ചെയ്യുന്നതിലേക്ക് മാർഗനിർദേശം നൽകുന്നതിനും ഉമ്മത്തിൽ ഐക്യം സൃഷ്ടിക്കാനും വേണ്ടിയായിരുന്നു. ഇതു സംബന്ധിച്ച് ഒരു ഹദീഥിൽ നിന്ന് വിശദീകരണവും ലഭിക്കുന്നുണ്ട്.

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം. *ശാവിർഹും ഫിൽ അംരി* എന്ന ആയത്തിറങ്ങിയപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹുവും അവന്റെ റസൂലും ഇക്കാര്യങ്ങളിൽനിന്നെല്ലാം അതീതരാണെങ്കിലും അല്ലാഹു ഇതിനെ എന്റെ ഉമ്മത്തിനുവേണ്ടി അനുഗ്രഹത്തിന് നിമിത്തമാക്കിയിരിക്കുന്നു. അതുകൊണ്ട് അവരിൽനിന്ന് അഭിപ്രായം ആരായപ്പെടുന്നതഅവർ സന്മാർഗത്തിൽ നിന്നും നേർമാർഗത്തിൽനിന്നും അകന്നുപോകാതിരിക്കാൻ വേണ്ടിയാണ്. അഭിപ്രായം ആരായപ്പെടുന്നില്ലെങ്കിൽ അവർക്ക് അപമാനത്തിൽനിന്ന് രക്ഷപ്പെടാൻ കഴിയുന്നതല്ല.' (അൽജാമിഉ ലിശെഅ്ബിൽഈമാൻ, വാള്യം 10, പേജ് 41, ഹദീഥ് 7136, മക്തബത്തുർറുശ്ദ് നാശിറൂൻ രിയാള് 2003)

നബി(സ)തിരുമേനി സ്വഹാബത്തിന്റെ അഭിപ്രായങ്ങൾക്കതീതനായിരുന്നു. പക്ഷേ, എന്നിട്ടും നബി(സ)തിരുമേനി അവരോടു അഭിപ്രായം ആരാഞ്ഞു. അങ്ങനെ ഉമ്മത്തിനു മുന്നിലൊരു മാതൃക സ്ഥാപിച്ചു. അതുമുഖേന ഉമ്മത്ത് എപ്പോഴും അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകുകയും ചെയ്തു. മാത്രമല്ല എപ്പോഴും നേർമാർഗത്തിലും സന്മാർഗത്തിലും ചലിക്കുകയും അപമാനങ്ങളിൽനിന്ന് രക്ഷപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്തു.

നമുക്കുള്ളിൽ ശൂറായുടെ സംവിധാനം നിലവിലുണ്ടെന്നത് അല്ലാഹുവിന്റെ നമുക്കുമേലുള്ള ഒരു പ്രത്യേക ഔദാര്യമാകുന്നു. ഇതിനെ ഓരോ അഹ്മദിയും പൊതുവായും ഓരോ ശൂറാ അംഗവും പ്രത്യേകിച്ചും വിലമതിക്കുകയും അല്ലാഹുവിനോടു നന്ദിയുള്ളവനായിരിക്കുകയും വേണം. കാരണം അവൻ നമുക്കുവേണ്ടി നേർമാർഗത്തിന്റേയും സന്മാർഗത്തിന്റേയും സാഹചര്യങ്ങൾ ഉണ്ടാക്കിയിരിക്കുന്നു.

## നബിതിരുമേനി(സ) അഭിപ്രായം തേടിയിരുന്ന രീതി

നബി(സ)തിരുമേനി ഏതെല്ലാം സന്ദർഭങ്ങളിലും ഏതെല്ലാം രീതിയിലുമായിരുന്നു അഭിപ്രായങ്ങൾ ആരാഞ്ഞിരുന്നതിനെ കുറിച്ച് നമുക്ക് ചരിത്രത്തിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. അതിനെ കുറിച്ച് അല്പം വിവരിക്കുന്നതാണ്. ഇതേ രീതിതന്നെയാണ് ഖുലഫാഉറാശിദുകളും തുടർന്ന് വന്നത്. പിന്നെ ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദും(അ)അതനുസരിച്ച് പ്രവർത്തിക്കുകയുണ്ടായി.

പൊതുവെ അഭിപ്രായമാരായുന്നതിന് മൂന്നു മാർഗങ്ങൾ നമുക്ക് കാണാൻ കഴിയുന്നു. അതിലൊരു രീതി അഭിപ്രായമാരായേണ്ട ആവശ്യമായ കാര്യങ്ങളിൽ ജനങ്ങളൊരുമിച്ചു കൂടാൻ വേണ്ടി ഒരു വ്യക്തി വിളംബരം നടത്തുന്നു. അങ്ങനെ ജനങ്ങളൊരുമിച്ചുകൂടുകയും അഭിപ്രായങ്ങൾ നൽകുകയും ചെയ്യുമ്പോൾ നബി(സ)തിരുമേനി അല്ലെങ്കിൽ ഖലീഫമാർ തീരുമാനങ്ങളെടുക്കുന്നു. അതായത് ഈ അഭിപ്രായങ്ങൾക്കുശേഷം ഇതാണ് നമ്മുടെ തീരുമാനമെന്നും അതനുസരിച്ച് പ്രവർത്തിക്കേണ്ടതാണെന്നും പ്രഖ്യാപിക്കുന്നു. അക്കാലഘട്ടത്തിൽ ഗോത്രത്തലവന്മാരുടെ ഒരു സംവിധാനമുണ്ടായിരുന്നു. അതുകൊണ്ട് പൊതുവെ ഗോത്രക്കാർ ഒരുമിച്ചുകൂടിയിരുന്നു. ഒരുപാടാളുകൾ സംഘടിച്ചിരുന്നു. എന്നാൽ, നേതാവ് അല്ലെങ്കിൽ അമീർ മാത്രമാണ് അഭിപ്രായം പറഞ്ഞിരുന്നത്. അദ്ദേഹമാണ് അവരുടെ പ്രതിനിധിയായിരുന്നത്. മാത്രമല്ല ജനങ്ങൾ നേതാവ് അല്ലെങ്കിൽ അമീർ തങ്ങളുടെ പ്രാതിനിധ്യത്തിൽ അഭിപ്രായം നൽകി എന്നതിൽ സന്തോഷപൂർവ്വം തൃപ്തരായിരുന്നു. എന്നാൽ, അക്കാലത്തുള്ള സമ്പ്രദായത്തിന് വിരുദ്ധമായി ആരെങ്കിലും തങ്ങളുടെ അഭിപ്രായം നൽകാൻ ശ്രമിക്കുകയാണെങ്കിൽ നബി(സ)തിരുമേനി അവരോട് നിങ്ങളുടെ നേതാവിനോടു അല്ലെങ്കിൽ അമീറിനോടു നിങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കുക എന്ന് പറയുമായിരുന്നു. അല്ലാതെ നിങ്ങളുടെ അഭിപ്രായത്തിന് ഒരു പ്രസക്തിയുമില്ല. ചുരുക്കത്തിൽ ഇതായിരുന്നു ഒരു രീതി.

രണ്ടാമത്തെ രീതി ഇപ്രകാരമായിരുന്നു. അഭിപ്രായം നൽകാൻ കഴിവുള്ളവരാണെന്നു മനസ്സിലാക്കിയിരുന്ന ആളുകളെ നബി(സ)തിരുമേനി വിളിക്കുമായിരുന്നു. പൊതുവെ എല്ലാവരെയും വിളിച്ചിരുന്നില്ല. അങ്ങനെ ആ കുറഞ്ഞ ആളുകളുടെ സംഘത്തോടു അഭിപ്രായം ആരാഞ്ഞിരുന്നു.

മൂന്നാമത്തെ രീതി നബി(സ)തിരുമേനി രണ്ടാളുകൾപോലും ഒരുമിച്ചുകൂടേണ്ടതില്ലെന്ന് ആഗ്രഹിക്കുമ്പോൾ ഓരോരുത്തരോടും വെവ്വേറെ അഭിപ്രായം ആരാഞ്ഞിരുന്നു. ആദ്യമൊരാളെ വിളിച്ച് അഭിപ്രായം ചോദിക്കുകയും പിന്നെ രണ്ടാമത്തെ ആളോട് അഭിപ്രായം തേടുകയും ചെയ്തിരുന്നു.(ഖുത്ബാത്തെ ശൂറാ, വാള്യം 1, പേജ് 6-7, മജ്ലിസെ മുശാവറത്ത് 1922)

ഈ മൂന്ന് രീതിയിലാണ് നബി(സ)തിരുമേനി അഭിപ്രായം ആരാഞ്ഞിരുന്നത്. ഖുലഫാഉർറാശിദുകളും ഇതേപ്രകാരം തന്നെയാണു അഭിപ്രായം തേടിയിരുന്നത്. നേരത്തെ വിവരിച്ചതുപോലെ അല്ലാഹുവും അവന്റെ റസൂലും അഭിപ്രായം തേടുന്നതിൽനിന്ന് അതീതരാണെന്ന് നബി(സ)തിരുമേനി പറഞ്ഞിട്ടുണ്ട്. പക്ഷേ, എന്നിരുന്നാലും ചരിത്രത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് നബി(സ)തിരുമേനി വിവിധ സന്ദർഭങ്ങളിൽ അഭിപ്രായം തേടിയിരുന്നുവെന്നാണ്. നബി(സ)തിരുമേനി നിരവധി സ്വഹാബാക്കളോടു അഭിപ്രായം ആരാഞ്ഞിരുന്നു.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. അദ്ദേഹം പറയുന്നു, ഞാൻ നബി(സ)തിരുമേനിയെക്കാളധികം തന്റെ അനുചരന്മാരോടു അഭിപ്രായം ചോദിക്കുന്ന മറ്റാരേയും കണ്ടിട്ടില്ല.(സുനൻ അത്തുർമിദി, അബ്വാബുൽജിഹാദ്, ഹദീഥ് 1714)

ഞാൻ പറഞ്ഞു വന്നതുപോലെ അല്ലാഹുവിന്റെ പ്രവാചകന് അല്ലാഹുവിൽനിന്ന് നേരിട്ട് മാർഗ

നിർദേശങ്ങൾ ലഭ്യമായിരുന്നുവെങ്കിലും അഭിപ്രായങ്ങൾ ആരായുകയുണ്ടായി. എന്നിരിക്കെ അഭിപ്രായം ആരായുന്നതിന് എത്രമാത്രം പ്രസക്തിയുണ്ടെന്ന് നിങ്ങൾ മനസിലാക്കാൻ ശ്രമിക്കേണ്ടതാണ്. നബി(സ)തിരുമേനി അഭിപ്രായമാരായുന്നത് സംബന്ധിച്ച ഒരു സംഭവം കേൾപ്പിക്കാം. ഒരു നിവേദനത്തിൽ പറയുന്നു:

ഹദ്റത്ത് മുആദ് ബിൻ ജബൽ(റ)നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനി എന്നെ യമനിലേക്ക് അയക്കാൻ തീരുമാനിച്ചപ്പോൾ അവിടന്ന് നിരവധി സ്വഹാബാക്കളോടു അഭിപ്രായം തേടുകയുണ്ടായി. അവരിൽ ഹദ്റത്ത് അബൂബക്ർ(റ) ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് ഉഥ്മാൻ(റ) ഹദ്റത്ത് ത്വൽഹ(റ) ഹദ്റത്ത് സുബയ്ർ(റ) തുടങ്ങി നിരവധി സ്വഹാബാക്കളുണ്ടായിരുന്നു, ഹദ്റത്ത് അബൂബക്ർ(റ)പറയുന്നു: നബി(സ)തിരുമേനി ഞങ്ങളോടു അഭിപ്രായം ചോദിക്കുന്നില്ലെങ്കിൽ ഞങ്ങൾ ഒരു അഭിപ്രായവും പറയുമായിരുന്നില്ല. അപ്പോൾ അവിടന്ന് പറഞ്ഞു: എനിക്ക് 'വഹ്യ്' ഉണ്ടാകാത്ത കാര്യങ്ങളെക്കുറിച്ച് ഞാൻ നിങ്ങളെപോലെ തന്നെയുള്ള ഒരാളാകുന്നു. അതായത് എനിക്ക് വഹ്യ് ഉണ്ടാകാത്ത കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഞാനും നിങ്ങളെപോലെ തന്നെയുള്ള ഒരാളാണ്. മുആദ് (റ)പറയുന്നു: തന്നോടു അഭിപ്രായങ്ങൾ പറയുക എന്ന ഉത്തരവനുസരിച്ച് നബി(സ)തിരുമേനി അഭിപ്രായങ്ങൾ തേടിയിരുന്നു. അപ്പോൾ ഓരോ വ്യക്തിയും തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിരുന്നു. തുടർന്ന് നബി (സ)തിരുമേനി ചോദിച്ചു: മുആദേ! നിന്റെ അഭിപ്രായം എന്താണെന്നു പറയുക. അപ്പോൾ ഞാൻ പറഞ്ഞു, എന്റെ അഭിപ്രായം ഹദ്ത്ത് അബൂബക്ർ(റ)ന്റെ അഭിപ്രായം തന്നെയാണ്. (മുഅ്ജമുൽ കബീർ ലിത്ത്വബ്റാനീ, വാല്യം 20, പേജ് 67, ഹദീഥ് 124, പ്രസാധകർ അഹ്യാഉത്തുറാഥ്, അൽ അറബി ബെയ്റുത്ത്)

അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തോടും ചോദിക്കുകയുണ്ടായി. നബി(സ)തിരുമേനിയുടെ ഈരീതിആമഹാത്മാവിന്റെലാളിത്യവും വിനയവും അഭിപ്രായംചോദിക്കുന്നതിന്റെപ്രാധാന്യവുംവ്യക്തമാക്കുന്നു. അതോടൊപ്പം നമ്മൾ എത്രമാത്രം അഭിപ്രായങ്ങൾക്ക് പ്രാധാന്യം നൽകണമെന്ന കാര്യത്തിൽ നമുക്ക് ഉത്തമ മാതൃകയുമാകുന്നു. സ്വഹാബാക്കളുടെ മാതൃക നമുക്ക് വ്യക്തമാക്കിത്തരുന്നത് നബി(സ)തിരുമേനിയുടെ കൽപനയനുസരിച്ച് അഭിപ്രായങ്ങൾ നൽകുമ്പോൾ അവർ തങ്ങളുടെ കഴിവുകളും അനുഭവങ്ങളുമനുസരിച്ച് തഖ്‌വായിൽ ചരിച്ചുകൊണ്ട് അഭിപ്രായങ്ങൾ നൽകിയിരുന്നു എന്നാണ്.

മദീന ഹിജ്റത്തിനുശേഷം മക്കയിലെ നിഷേധികൾ മുസ്‌ലിമീങ്ങളുടെ സമാധാനം കെടുത്താൻ ശ്രമിച്ചപ്പോൾ നബി (സ)തിരുമേനി അതിനു തടയിടുന്നതിന് സ്വഹാബാക്കളോട് അഭിപ്രായം ആരാഞ്ഞു. അൻസ്വാറിന്റെ നേതാക്കന്മാരെയും മുഹാജിരീങ്ങളുടെ നേതാക്കന്മാരെയും അതിൽ ഉൾപ്പെടുത്തുകയും അവരോടു അഭിപ്രായം ചോദിക്കുകയും ചെയ്തു. അവരുടെ അഭിപ്രായങ്ങളും താൽപര്യവും അനുസരിച്ചാണ് നബി (സ)തിരുമേനി ബദ്റിലേക്ക് തിരിച്ചത്. ഈ അഭിപ്രായങ്ങൾ നൽകുന്ന സമയത്ത് അൻസ്വാറിന്റെ നേതാക്കന്മാർ ആത്മാർഥതയുടെയും കൂറിന്റെയും മാതൃകകൾ പ്രകടിപ്പിക്കുകയും ശപഥം ചെയ്യുകയുമുണ്ടായി. അതിൽ നബി(സ)തിരുമേനി വളരെയേറെ സന്തോഷവും സംതൃപ്തിയും പ്രകടിപ്പിച്ചു.(സീറത്തു ഖാത്തമുന്നബിയ്യീൻ, സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ). പേജ് 354–355)

### അഭിപ്രായം നല്കുന്നവർ അതു പ്രാവർത്തികമാക്കുമെന്ന് ശപഥം ചെയ്യുക

അതുകൊണ്ട് ഈ അഭിപ്രായപ്രകടനങ്ങൾ അഭിപ്രായം നൽകുക എന്ന പരിധിവരെ മാത്രമായിരുന്നില്ല. മറിച്ച് അഭിപ്രായം നൽകുന്നവരുടെ കർമങ്ങളും നിലപാടുകളും ഈ അഭിപ്രായത്തിൽ തങ്ങൾ ഏറ്റവുമാദ്യം പ്രവർത്തികമാക്കുമെന്ന ശപഥവും ഉണ്ടായിരുന്നു.

പ്രവർത്തിക്കുമെന്നുള്ള ശപഥം ഇല്ലായിരുന്നുവെങ്കിൽ, അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ പ്രസ്തുത അഭിപ്രായങ്ങൾ നിഷ്പ്രയോജനമാണ്. ഇങ്ങനെയാണ് ബദ്റിന്റെ മൈതാനത്ത് സ്വഹാബാക്കൾ ആത്മാർഥതയുടെയും കൂറിന്റെയും കർമപരമായ പ്രകടനങ്ങൾ കാഴ്ചവെച്ചതെന്ന് നമ്മൾ കണ്ടതാണ്. അഭിപ്രായം നൽകിയതിനുശേഷം തങ്ങളുടെ ജീവനെ അതിൽ ഹോമിച്ചു. ആയതിനാൽ നമ്മുടെ ശൂറയിലെ മെമ്പർമാർ അവരും എപ്പോഴും ഓർക്കേണ്ട കാര്യമെന്തെന്നാൽ അവർ അഭിപ്രായങ്ങൾ നൽകുമ്പോൾ ഏറ്റവുമാദ്യം തങ്ങളെത്തന്നെ പ്രസ്തുത അഭിപ്രായങ്ങൾ തീരുമാനമായതിനു ശേഷം പ്രാവർത്തികമാക്കാൻ തയാറാക്കണം. അഥവാ കാലത്തിന്റെ ഖലീഫ എന്ത് തീരുമാനിച്ചാലും ഏറ്റവുമാദ്യം അത് പ്രവർത്തികമാക്കുന്നതിനുവേണ്ടി നമ്മൾ എല്ലാ ത്യാഗങ്ങളും ചെയ്യേണ്ടതാണ്.

നമ്മുടെ കർമപരമായ മാതൃകകൾ ഉണ്ടാകുകയാണെങ്കിൽ മാത്രമാണ് ജമാഅത്തംഗങ്ങളും അത് പ്രാവർത്തിക മാക്കുന്നതിനുവേണ്ടി സന്തോഷപൂർവ്വം എല്ലാ ത്യാഗങ്ങളും ചെയ്യുന്നതിനുവേണ്ടി തങ്ങളെ സമർപ്പിക്കുകയുള്ളു. ശൂറയിലെ മെമ്പർമാർ എപ്പോഴും ഓർക്കേണ്ട ഒരു കാര്യം ഓരോ അഹ്മദിയും ഖിലാഫത്തുമായി കൂറിന്റെയും അനുസരണത്തിന്റെയും ശപഥം ചെയ്തിരിക്കുന്നു. ആയതിനാൽ അതിനുവേണ്ടി ഏറ്റവും ഉന്നതമായ മാതൃക ഭാരവാഹികളും ശൂറാ മെമ്പർമാരും കാണിക്കേണ്ടതാണ്. കാരണം നിങ്ങൾ ഈ സ്ഥാപനത്തിന്റെ അംഗങ്ങളാക്കപ്പെട്ടിരിക്കുന്നു. അത് ഖിലാഫത്ത് സംവിധാനത്തിന്റെയും ജമാഅത്ത് സംവിധാനത്തിന്റെയും സഹായക സംവിധാനം കൂടിയാണ്.

### അഭിപ്രായം നൽകുന്നവരുടെ യോഗ്യത എന്തായിരിക്കണം

എപ്പോഴും ഓർക്കുക. നബി (സ)തിരുമേനിയുടെ സുന്നത്തിൽ ചരിച്ചുകൊണ്ട് ദീനിന്റെ പ്രധാന കാര്യങ്ങളിൽ ഉമ്മത്തിലെ എല്ലാ ജനങ്ങളോടും അഭിപ്രായം ആരായണമെന്നും അവരോടു മൃദുല ഹൃദയൻ ആയിരിക്കണമെന്നും ദുആ ചെയ്യണമെന്നും കാലത്തിന്റെ ഖലീഫയ്ക്ക് കല്പനയുണ്ട്. അതോടൊപ്പം അഭിപ്രായം ആരായപ്പെടുന്നവരോടും സദുദ്ദേശ്യത്തോടുകൂടി തഖ്‌വായിൽ ചരിച്ചുകൊണ്ട് അഭിപ്രായം നൽകണമെന്ന് കല്പിച്ചിരിക്കുന്നു. ആയതിനാൽ അഭിപ്രായങ്ങൾ നൽകുന്നവർ അവരുടെ അഭിപ്രായങ്ങൾ സദുദ്ദേശ്യത്തിന്റേയും തഖ്‌വായുടേയും ഉന്നത നിലവാരങ്ങൾക്കനുസരിച്ച് ആയിരിക്കണമെന്നു എപ്പോഴും ഓർക്കേണ്ടതാണ്.

ചുരുക്കത്തിൽ ഈ അടിസ്ഥാനത്തിൽ അഭിപ്രായങ്ങൾ നൽകുന്നവർക്കുമേൽ വലിയ ഭാരിച്ച ഉത്തരവാദിത്വമുണ്ട്. അവർ തങ്ങളുടെ തഖ്‌വായുടെ നിലവാരം എന്താണെന്നു അവലോകനം ചെയ്യേണ്ടതാണ്. ഹദ്റത്ത് അലി(റ)യുടെ ഒരു നിവേദനത്തിൽ കുറെക്കൂടി വിശദീകരണം ഉണ്ട്. അദ്ദേഹം പറയുന്നു: *ശാവിറുൽഫുഖഹാഅ വൽ ആബിദീന.*(കൻസുൽഉമ്മാൽ, വാല്യം 3, പേജ് 411, ഹദീഥ് 7191, പ്രസാധകർ മുഅസ്സസ്ത്തുർരിസാല ബെയ്റുത്ത് 1985)

അതായത് വിവേകമതികളും യിബാദത്തുകൾ ചെയ്യുന്നവരുമായ ആളുകളോടു അഭിപ്രായം ആരായുക. എല്ലാവരോടുമെന്നല്ല പറഞ്ഞത്. ചുരുക്കത്തിൽ ഇതാണ് പ്രതിനിധികൾക്കുള്ള മാനദണ്ഡം. ഇതിൽ ശൂറാ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നവർക്കും ഉപദേശമുണ്ട്. അതായത് തങ്ങളിൽ അഭിപ്രായം പറയാൻ കഴിവുള്ളവരെയും ദീനീ ജ്ഞാനത്തിൽ ശ്രേഷ്ഠരായവരെയും യിബാദത്തിന്റെ നിലവാരങ്ങളിൽ മികച്ചവരെയും തിരഞ്ഞെടുക്കേണ്ടതാണ്.

ഈ മാനദണ്ഡമനുസരിച്ച് പ്രതിനിധികളെ തിരഞ്ഞെടുക്കുകയാണെങ്കിൽ ഞാൻ കണ്ടുവന്നിട്ടുള്ളത് പ്രസ്തുത പ്രതിനിധികളുടെ അഭിപ്രായങ്ങളിൽ ഒരു പ്രകടമായ വ്യതിരിക്തത കാണപ്പെടുന്നതാണ്. ഈ ഉത്തരവാദിത്വം ജമാഅത്തംഗങ്ങൾ സദുദ്ദേശ്യത്തോടെ ശൂറാ പ്രതിനിധികളായി തിരഞ്ഞെടുത്തവർക്കുമേലുമുണ്ട്. അവർ ഈ സദുദ്ദേശ്യത്തെ പൂർത്തിയാക്കേണ്ടതാണ്. ഒരു ദിവസംകൊണ്ടോ ഏതാനും ആഴ്ചകൾകൊണ്ടോ ആരുംതന്നെ വൈജ്ഞാനികമായ ഉന്നത നിലവാരവും ദീനീപരമായ ആഴത്തിലുള്ള ഗ്രാഹ്യവും ആർജിക്കുന്നില്ല. എന്നാൽ, തഖ്‌വായിൽ ചരിച്ചുകൊണ്ട് തങ്ങളുടെ അഭിപ്രായങ്ങൾ എല്ലാത്തരം വ്യക്തിഗതമായ നേട്ടങ്ങൾക്കുമതീതമായി ആർക്കും നൽകാവുന്നതാണ്. ഇങ്ങനെ അല്ലാഹുവിന്റെ മുന്നിൽ കുനിഞ്ഞുകൊണ്ട് അവനോട് സഹായം തേടുകയും ദുആയോടുകൂടി ശൂറാ സംഘടിപ്പിക്കുകയും ചെയ്യുന്നിടങ്ങളിൽ പ്രതിനിധികൾ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുമ്പോൾ ഏതെങ്കിലും പ്രഭാഷകന്റെ പ്രഭാഷണത്തിൽ പ്രഭാവിതരായിക്കൊണ്ടോ എന്തെങ്കിലും ബന്ധത്തിന്റേയോ സൗഹൃദത്തിന്റേയോ ചിന്തകൾ കാരണമോ തങ്ങളുടെ അഭിപ്രായങ്ങൾ മറ്റുള്ളവരുടെ അഭിപ്രയങ്ങളുമായി ചേർക്കാൻ ശ്രമിക്കരുത്. ആരെയെങ്കിലും ഭയന്നുകൊണ്ടോ അല്ലെങ്കിൽ പരിഗണിച്ചു കൊണ്ടോ തങ്ങളുടെ അഭിപ്രായങ്ങൾ മാറ്റുകയും ചെയ്യരുത്. മറിച്ച് തഖ്‌വാ അവലംബിച്ചുകൊണ്ട് ജമാഅത്തിന്റെ നേട്ടങ്ങളെ ഏതുസമയത്തും മുന്തിച്ചുകൊണ്ട് അഭിപ്രായങ്ങൾ നൽകുമ്പോൾ മാത്രമാണ് യഥാർഥത്തിൽ

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം •**

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'(ജുമുഅ ഖുത്ബ 4–10–2019)**

**• തിരുനബിയുടെ തിരുമൊഴികൾ •**

**അബൂഖത്താദ നിവേദനം. നബി(സ) പറഞ്ഞു: 'നമസ്കാരത്തിന് ഇഖാമത്ത് വിളിച്ചാൽ, എന്നെ കാണുംവരെ നിങ്ങൾ എഴുന്നേല്ക്കരുത്.' (മുസ്‌ലിം, ഹദീഥ് 264)**

താലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

താലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

തങ്ങളുടെ പ്രാതിനിധ്യം യഥാവിധി നിറവേറ്റാൻ കഴിയുകയുള്ളൂ.

എപ്പോഴും ഓർക്കുക, അല്ലാഹു നമ്മുടെ ഹൃദയങ്ങളുടെ അവസ്ഥകളെയും അറിയുന്നു, നമ്മുടെ കർമങ്ങളെ കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. അവന്റെ തൃപ്തി ലാക്കാക്കിക്കൊണ്ട് പ്രവർത്തിക്കുന്നില്ലെങ്കിൽ താൻ അവന്റെ നീരസത്തിനു വിധേയനാകുമെന്ന ചിന്ത ഉണ്ടായിരിക്കണം.

ശൂറാ കഴിഞ്ഞ സ്ഥലങ്ങളിൽ അവിടെയുള്ള ശൂറാ മെമ്പർമാർ തങ്ങളുടെ ആത്മീയവും കർമപരവുമായ അവസ്ഥകളിൽ ദൃഷ്ടിപായിച്ചുകൊണ്ട് തങ്ങളുടെ കർമപരമായ മാതൃക സ്ഥാപിക്കുന്നതിനുവേണ്ടി ശപഥം ചെയ്യേണ്ടതാണ്. മാത്രമല്ല തഖ്‌വായിൽ ചരിച്ചുകൊണ്ട് തീരുമാനമായതും അംഗീകാരം കിട്ടിയതുമായ കാര്യങ്ങളെ പ്രാവർത്തികമാക്കനും മറ്റുള്ളവരെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനും ശ്രമിക്കേണ്ടതാണ്.

### മജ്‌ലിസ് ശൂറയെ ഭൗതിക അസംബ്ലിയായി കാണരുത്

ഈയൊരു അവസ്ഥ നമ്മളുണ്ടാക്കിയെടുക്കുമ്പോൾ നമ്മൾ അല്ലാഹുവിന്റെ കാരുണ്യം ആകർഷിച്ചെടുക്കുന്നവരായി മാറും. നമ്മുടെ തീരുമാനങ്ങളിൽ അനുഗ്രഹമുണ്ടാകും. അല്ലാതെ നമ്മൾ ഒരുമിച്ചുകൂടുന്നതും തങ്ങളുടെ അഭിപ്രായം സ്ഥാപിക്കാൻ ആവേശത്തോടെ പ്രസംഗിക്കുന്നതും തഖ്‌വാ ഇല്ലാത്ത ഭൗതിക അസംബ്ലികളെപ്പോലെയായിരിക്കും. അവിടെ എടുക്കുന്ന തീരുമാനങ്ങൾ ചിലപ്പോൾ ധാർമികതയെ ചവുട്ടിമെതിക്കുന്നതായിരിക്കും. അവ അല്ലാഹുവിന്റെ കൽപനയ്ക്ക് വിരുദ്ധമായിരിക്കും. തങ്ങളുടെ പാർട്ടിയുടെ ലക്ഷ്യങ്ങളാണ് അവിടെ പരിഗണിക്കപ്പെടുക. ചില സന്ദർഭങ്ങളിൽ വളരെ വേഗം തന്നെ അത്തരം തീരുമാനങ്ങളുടെ പരിണതിയും പുറത്തുവരുന്നു. അത് സമാധനം കെടുത്തുന്നതായിരിക്കും. ചിലപ്പോൾ കാലം കഴിഞ്ഞിട്ടായിരിക്കും ഫലങ്ങൾ പുറത്തുവരിക. പക്ഷേ, അവയിൽ ഒരു അനുഗ്രഹവും ഉണ്ടായിരിക്കുകയില്ല. ഏതായാലും അല്ലാഹുവിന്റെ നിയമങ്ങൾക്കും കൽപനകൾക്കും എതിരിലുള്ള അത്തരം തീരുമാനങ്ങൾ അവസാനം ജനങ്ങളുടെ നാശത്തിന് ഹേതുവായിത്തീരുന്നു.

ചുരുക്കത്തിൽ ഭൗതികരായ ആളുകളുടെ അവസ്ഥ കണ്ടിട്ട് നമ്മൾ നമ്മുടെ അവസ്ഥകൾ നന്നാക്കുന്നതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഞാൻ പറഞ്ഞുവന്നതുപോലെ ശൂറായുടെ അഭിപ്രായങ്ങൾ കാലത്തിന്റെ ഖലീഫയുടെ മുമ്പിൽ സമർപ്പിക്കുന്നു. കാലത്തിന്റെ ഖലീഫ പറഞ്ഞതനുസരിച്ചുതന്നെയാണ് സംഘടിപ്പിക്കുന്നതും. അതിനാൽ എപ്പോഴും ഓർക്കുക. മജ്‌ലിസെ ശൂറാ ഖിലാഫത്തിന്റെ സഹായകസ്ഥാപനമാകുന്നു. ഈ നിലയ്ക്ക് ജമാഅത്തിൽ ഖിലാഫത്തിനുശേഷം അതിന്റെ പ്രാധാന്യം വളരെ വലുതാണ്. ശൂറായിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗം ഒരു വർഷത്തേക്കുള്ള അംഗമാകുന്നു. അദ്ദേഹം തന്റെ ഈ പ്രാധാന്യം എപ്പോഴും മുമ്പിൽവെക്കേണ്ടതാണ്. ശൂറായുടെ അജണ്ടകളിൽനിന്നും അഭിപ്രായങ്ങളിൽനിന്നും തന്നെയാണ് കാലത്തിന്റെ ഇമാമിന് വിവിധ രാജ്യങ്ങളിലുള്ള പ്രശ്നങ്ങളെ കുറിച്ച് അറിയാൻ കഴിയുന്നത്. അവസാനം വരുന്ന അഭിപ്രായങ്ങൾ മുഖേനയാണ് പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാനുള്ള രൂപരേഖയും മുന്നിൽ വരുന്നത്. ചിലസമയത്ത് ചില കാര്യങ്ങൾ ഏതെങ്കിലും വിഷയത്തെ സംബന്ധിച്ച് പൂർണമായ നിലയിൽ വിവരിക്കപ്പെടുന്നില്ല. അല്ലെങ്കിൽ ശൂറാ അംഗങ്ങളുടെ മുമ്പിൽ വരുന്നില്ല. അപ്പോൾ ഖലീഫമാർ അത്തരം കാര്യങ്ങൾകൂടി പ്രവർത്തന രൂപരേഖയിൽ ഉൾപ്പെടുത്തുന്നു. ചില സ്ഥലങ്ങളിൽ ഞാനും ഇതേ രീതിയാണ് അവലംബിക്കാറുള്ളത്. ഏതായാലും ഓരോ ശൂറാ അംഗത്തിനും ശൂറായ്ക്ക് ഒരു പ്രത്യേക പ്രാധാന്യമുണ്ടെന്നും അതു കേവലം മൂന്നു ദിവസത്തേക്കല്ലെന്നും പ്രത്യുത വർഷം മുഴുവനുമുള്ളതാണെന്നും പൂർണമായ ബോധ്യമുണ്ടായിരിക്കണം. ഏതു രൂപരേഖയുണ്ടായാലും അതനുസരിച്ച് പ്രവർത്തിക്കാനും അത് പ്രാവർത്തികമാക്കാൻ എല്ലാവിധ സഹകരണവും സംവിധാനത്തിനു നല്കാൻ ഓരോ ശൂറാ അംഗവും ശ്രമിക്കേണ്ടതാണ്. അത് അയാളുടെ ഉത്തരവാദിത്വമാകുന്നു. ഇങ്ങനെ ഉണ്ടായാൽ മാത്രമാണ് ജമാഅത്തിന്റെ അഭിവൃദ്ധി ശരിയായ ദിശയിൽ നീങ്ങുകയുള്ളൂ. അപ്പോഴാണ് അവ നല്ല രീതിയിൽ പ്രാവർത്തികമാക്കാനും സാധിക്കുക. മാത്രമല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ചുമതലപ്പെടുത്തിയിട്ടുള്ള സന്മാർഗത്തിന്റേയും നേർമാർഗത്തിന്റേയും ദൗത്യത്തിൽ നമുക്ക് സഹായികളാകാനും കഴിയുകയുള്ളൂ. ഇങ്ങനെയല്ലെങ്കിൽ ശൂറായുടെ അംഗമാകുന്നത് ഫലശൂന്യമായിരിക്കും. ഇവിടെ ഒരു കാര്യംകൂടി ഓർമിപ്പിക്കട്ടെ. ലോകത്തെല്ലാ രാജ്യങ്ങളിലും ശൂറാ പൊതുവിൽ അവിടുത്തെ അമീറിന്റെ അധ്യക്ഷതയിലാണ് നടക്കാറുള്ളത്. ചില സമയത്ത് അഭിപ്രായം പറയുന്നവർ പ്രഭാഷണത്തിന്റെ ആവേശത്തിൽ ശൂറായുടെ പരിശുദ്ധിക്ക് നിരക്കാത്ത വാക്കുകൾ പറഞ്ഞുപോകാറുണ്ട്. അതുകൊണ്ട് ഏറ്റവുമാദ്യം അംഗങ്ങൾ തങ്ങളുടെ അഭിപ്രായത്തിൽ ആവേശമുള്ള പ്രഭാഷണങ്ങളും ബോധമില്ലാതെയും വൈകാരികമായും പ്രഭാഷണങ്ങൾ നടത്തുന്നതിന് പകരം ഉചിതമായ വാക്കുകളിൽ തങ്ങളുടെ അഭിപ്രായങ്ങൾ സമർപ്പിക്കേണ്ടതാണ്. ചില സമയത്ത് അഭിപ്രായം പറയുന്നവർ പറയുന്ന കാര്യങ്ങളെ ആമില അംഗങ്ങൾ അല്ലെങ്കിൽ ശൂറായിൽ അധ്യക്ഷതവഹിക്കുന്ന ജമാഅത്ത് അമീർമാർ അഭിപ്രായം പറഞ്ഞ ആളുകൾ നേരിട്ടോ അല്ലാതെയോ തങ്ങൾക്കെതിരിൽ സംസാരിച്ചുവെന്ന് കരുതുന്നു. പിന്നെ അധ്യക്ഷൻ എന്ന നിലയ്ക്ക് കഠിനമായ പദങ്ങൾകൊണ്ട് അഭിപ്രായം പറയുന്ന ആളെ തടയുകയും ശാസിക്കുകയും ചെയ്യുന്നു. അതിനാൽ അമീറുമാരും ആർജവം കാണിക്കേണ്ടതുണ്ട്. അഭിപ്രായം പറയുന്നയാൾ ജമാഅത്തിന്റെ നന്മയ്ക്കുവേണ്ടി അതിനുള്ള വേദനയുമായാണ് അഭിപ്രായം പറയുന്നതെന്ന നല്ലചിന്ത ഉണ്ടാകണം. ഇനി കഠിനമായ പദങ്ങളോ വിശ്വാസിക്ക് നിരക്കാത്തതായ പദങ്ങളോ ഉപയോഗിക്കുന്നുവെങ്കിൽ സൗമ്യമായിട്ടായിരിക്കണം തിരുത്തേണ്ടത്. അധ്യക്ഷൻ അതിനെ വ്യക്തിപരമായ വിഷയമാക്കി മാറ്റി എന്ന പ്രതീതി ഉണ്ടാക്കാൻ ഇടവരത്തരുത്. പ്രത്യേകിച്ചും ബജറ്റിന്റെ കാര്യത്തിൽ ചർച്ച നടക്കുമ്പോൾ കൂടുതൽ വൈകാരികമായ പ്രകടനങ്ങൾ ഉണ്ടാകാറുണ്ട്. അത്തരം സന്ദർഭങ്ങളിലും ബന്ധപ്പെട്ട സെക്രട്ടറി, മാൽസെക്രട്ടറി അല്ലെങ്കിൽ അധ്യക്ഷൻ സഹിഷ്ണുതയോടെ കാര്യങ്ങൾ കേട്ട് മറുപടി നല്കണം. എങ്ങനെയാണ് ബജറ്റുണ്ടായത്, എങ്ങനെയാണ് വരവുകൾ, എങ്ങനെയാണ് ചെലവുകൾ, അതിനെ എങ്ങനെയാണ് സന്തുലിതപ്പെടുത്തുക എന്നിത്യാദി കാര്യങ്ങളെ പറ്റി അദ്ദേഹത്തിന് തൃപ്തികരമായ മറുപടി നല്കണം. അഭിപ്രായം പറയുന്ന വ്യക്തി ജമാഅത്തിന്റെ ക്ഷേമത്തെ മുൻനിറുത്തിയാണ് അഭിപ്രായം പറയുന്നത്. അതുകൊണ്ടുതന്നെ ദുർധാരണ ഉണ്ടാകാൻ പാടില്ല. അതുപോലെ അജണ്ടയുടെ മറ്റു അഭിപ്രായങ്ങളിലും ചിലപ്പോൾ അകാരണമായി സംഘാടകരും പ്രതിനിധികളും തമ്മിൽ തർക്കുമുണ്ടാകുന്നു. അല്ലെങ്കിൽ സംഘാടകരെ(ഭാരവാഹികളെ)ഭയക്കുന്ന തരത്തിൽ പൂർണമായും നിശബ്ദരാകുന്നു. അത്തരക്കാർ തങ്ങളുടെ അമാനത്തിനോടുള്ള(സൂക്ഷിപ്പുമുതലിനോടുള്ള)കടമ യഥാവിധി നിറവേറ്റുന്നവരല്ല.

### ശൂറാപ്രതിനിധികൾ അമാനത്തിന്റെ കടമ പൂർത്തിയാക്കുക

എപ്പോഴും ഓർക്കുക, ജനങ്ങൾ പ്രതിനിധികളെ തിരഞ്ഞെടുത്തിരിക്കുന്നത് അമാനത്തിന്റെ കടമകൾ യഥാവിധി നിറവേറ്റുന്നതിനാണ്. അതുകൊണ്ട് വ്യക്തിപരമായ പ്രശ്നങ്ങളോ ആരോടെങ്കിലുമുള്ള ഭയമോ ഉണ്ടാകാൻ പാടില്ല. ജനങ്ങൾ തങ്ങളെ *തുഅ്തുൽഅമാനാത്തി ഇലാ അഹ്‌ലിഹാ*(അമാനത്തുകൾ അവയുടെ അവകാശികൾക്ക് ഏല്പിക്കുക. 4:59)എന്ന ഖുർആനിക പാഠമനുസരിച്ചാണ് തിരഞ്ഞെടുത്തതെന്ന് എല്ലാവരും മനസ്സിലാക്കാണം. മാത്രവുമല്ല ജനങ്ങൾ ദൈവികകൽപനപ്രകാരം സദുദ്ദേശ്യത്തോടെ തങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുത്തതിനാൽ പ്രതിനിധികളും തങ്ങളുടെ അമാനത്തിന്റെ കടമൾ നിർവഹിക്കണമെന്നു തന്നെയാണ് കാലത്തിന്റെ ഖലീഫയും പ്രതീക്ഷിക്കുന്നത്. പ്രതിനിധികൾ തങ്ങളുടെ കടമ ശൂറയിലും തുടർന്നും നിർവഹിക്കുന്നില്ലെങ്കിൽ അവർ ജമാഅത്തംഗങ്ങളുടെ വിശ്വാസത്തിനു മാത്രമല്ല ഭംഗമുണ്ടാക്കുന്നത് പ്രത്യുത അമാനത്തിന്റെ കടമ യഥാവിധി നിർവഹിക്കാതെ കാലത്തിന്റെ ഖലീഫയോടും വിശ്വാസവഞ്ചനയാണ് കാണിക്കുന്നത്.

എന്നാൽ, ഇവിടെ മറ്റൊരു കാര്യംകൂടിയുണ്ട്. അതായത് തിരഞ്ഞെടുക്കുന്നവർ തഖ്‌വായോടുകൂടി പ്രതിനിധികളെ തിരഞ്ഞെടുത്തിട്ടുണ്ടാവില്ല. ബന്ധുത്വത്തേയോ സൗഹൃദയത്തേയോ പരിഗണിച്ചുകൊണ്ടായിരിക്കും തിരഞ്ഞെടുത്തിട്ടുണ്ടാകുക. ഇങ്ങനെ തെറ്റായ നിലയിൽ തിരഞ്ഞെടുക്കുന്നവർ തങ്ങളുടെ കർമങ്ങളിൽ പാപികളാകുന്നു. അങ്ങനെ തങ്ങളുടെ കർത്തവ്യം യഥാവിധി നിർവഹിച്ചിട്ടില്ലെങ്കിൽ അവർ ഇസ്തിഗ്ഫാർ ചെയ്യേണ്ടതാണ്. പ്രതിനിധികളോടും ഭാരവാഹികളോടും ഞാൻ പറയാനാഗ്രഹിക്കുന്നതെന്തെന്നാൽ തിരഞ്ഞെടുക്കപ്പെട്ടിട്ടും അനിവാര്യമായ

**• അല്ലാഹുവിന്റെ കലാം: •**

**‘തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?’ (വിശുദ്ധ ഖുർആൻ 54:18)**

**ത്വാലിബെ ദുആ:**
**P. Abdul Ameer**
**Ahmadiyya Jama-ath Pathappiriyam, Kerala**

**• അല്ലാഹുവിന്റെ കലാം: •**

**ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തു തരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ.(വിശുദ്ധ ഖുർആൻ 3:148)**

**ത്വാലിബെ ദുആ:**
**NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215**

ആത്മീയ നിലവാരം പ്രാപിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ *ഇസ്തിഗ്ഫാർ* ചെയ്തുകൊണ്ടും തങ്ങൾക്കുള്ളിൽ നല്ല മാറ്റമുണ്ടാക്കുമെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ടും തഖ്‌വായിൽ ചരിക്കാൻ പരമാവധി ശ്രമിച്ചുകൊണ്ടും തങ്ങളെ അമാനത്തിന്റെ യഥാർഥ അർഹരാക്കാൻ പ്രയത്നിക്കേണ്ടതാണ്. ഈ പരിശ്രമമുണ്ടെങ്കിൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനോടൊപ്പം ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യത്തിൽ സഹായികളാകാനും കഴിയുന്നതാണ്. അപ്പോൾ തങ്ങളുടെ കർമപരവും ആത്മീയവുമായ അവസ്ഥകളെ മെച്ചപ്പെടുത്തുന്നവരാകാനും കഴിയും.

### ശൂറാ പ്രതിനിധിയുടെ ഉത്തരവാദിത്വങ്ങൾ

ഞാൻ പറഞ്ഞതുപോലെ(ശൂറായിലെ)പ്രാതിനിധ്യവും ഒരു വർഷത്തേക്കാകുന്നു. ഇക്കാലഘട്ടത്തിൽ ജമാഅത്തുപരമായ വ്യവസ്ഥിതിയോടു സഹകരിക്കുകയും തീരുമാനങ്ങളനുസരിച്ച് സ്വയം പ്രവർത്തിക്കുകയും മറ്റുള്ളവരെക്കൊണ്ട് പ്രവർത്തിപ്പിക്കുകയും ചെയ്യേണ്ടതാണ്. മാത്രമല്ല തങ്ങളുടെ ജമാഅത്തിൽ അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ ഉണ്ടെങ്കിൽ അതെത്രമാത്രമാണ്, കാലത്തിന്റെ ഖലീഫയുടെ തീരുമാനമനുസരിച്ച് പ്രാവർത്തികമാക്കുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളെല്ലാം ശ്രദ്ധിക്കേണ്ടതാണ്. അങ്ങനെ നിങ്ങൾ കാലത്തിന്റെ ഖലീഫയുടെ സഹായികളാകണം. ചിലപ്പോൾ തീരുമാനങ്ങൾ ഭാരവാഹികളുടെ അലംഭാവത്തിന്നിരയാകുന്നത് കാണാറുണ്ട്. തീരുമാനങ്ങളാകുകയും എന്നാൽ, അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നു. അത്തരം സന്ദർഭത്തിൽ പ്രതിനിധികൾ ജമാഅത്തംഗങ്ങളെയും ഭാരവാഹികളേയും അവരുടെ ഉത്തരവാദിത്വത്തിലേക്ക് ശ്രദ്ധ ക്ഷണിക്കേണ്ടതാണ്. എന്നിട്ടും ശ്രദ്ധ ഉണ്ടാകുന്നില്ലെങ്കിൽ തീരുമാനങ്ങൾ വേണ്ടവിധം നടപ്പിൽവരുത്തുന്നില്ലെങ്കിൽ പിന്നെ കേന്ദ്രത്തിന് എഴുതേണ്ടതാണ്. അതുപോലെ ഒട്ടനവധി ഭാരവാഹികളും ശൂറാ അംഗങ്ങളായിരിക്കും. അവർ തങ്ങളുടെ വകുപ്പിന്റെ കാര്യങ്ങൾമാത്രം നോക്കിയാൽ പോരാ. പ്രത്യുത ശൂറായുടെ അഭിപ്രായങ്ങളും അതിലുള്ള കാലത്തിന്റെ ഖലീഫയുടെ തീരുമാനങ്ങളും പ്രാവർത്തികമാക്കുന്നില്ലെങ്കിൽ അവയെ അവധാനപൂർവം എടുക്കുകയും അത് തങ്ങളുടെ വകുപ്പാണെങ്കിലും മറ്റാരുടെയെങ്കിലും വകുപ്പാണെങ്കിലും ശരി അതു സംബന്ധിച്ച് ബന്ധപ്പെട്ട ഭാരവാഹികളുടേയും അമീറിന്റേയും ശ്രദ്ധ ക്ഷണിക്കേണ്ടതാണ്. ആമിലായിലും ഈ വിഷയം വെക്കേണ്ടതാണ്. അല്ലെങ്കിൽ അത്തരം ഭാരവാഹികളും പ്രതിനിധികളും അമാനത്തിനോടുള്ള കടമ നിർവഹിക്കുന്നവരാകുന്നതല്ല. ഈ ലോകത്ത് എന്തെങ്കിലും ഒഴികഴിവ് പറഞ്ഞാൽ രക്ഷപ്പെടാം. എന്നാൽ, ഓർക്കുക!അല്ലാഹുവിൽനിന്ന് ഒരു കാര്യവും മറഞ്ഞിരിക്കുന്നില്ല. അമാനത്തുകൾ യഥാവിധി നിർവഹിച്ചിരുന്നുവോ എന്ന് അവൻ ചോദിക്കുന്നതാണ്. അതിനാൽ ഇത് വളരെയേറെ അസ്വസ്ഥത ഉണ്ടാക്കുന്ന സന്ദർഭമാണ്. തങ്ങൾ ശൂറാ പ്രതിനിധികൾ അല്ലെങ്കിൽ ഭാരവാഹികളാണെന്നതിൽ മാത്രം ഗർവ്വിഷ്ഠരാകരുത്. പ്രത്യുത തങ്ങളുടെ ഉത്തരവാദിത്വങ്ങളെ സംബന്ധിച്ച് ഓരോരുത്തരും ചിന്താകുലരാകേണ്ടതാണ്.

ഞാൻ പറഞ്ഞതുപോലെ ജമാഅത്തുകളിൽ ഭാരവാഹികളെ ഉണർത്തിയിട്ടും ശൂറായിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നില്ലെങ്കിൽ പ്രതിനിധികൾ ശ്രമിച്ചിട്ടും ശ്രദ്ധ ക്ഷണിച്ചിട്ടും നടപ്പിലാക്കുന്നില്ലെങ്കിൽ പിന്നെ കേന്ദ്രത്തിൽ അറിയിക്കുക. ഇതിൽ പലരും പ്രവർത്തിക്കുന്നുണ്ടാവും. ചിലർ പ്രവർത്തിക്കുന്നുണ്ടാവില്ല. ചിലർ തികച്ചും അതനുസരിച്ച് പ്രവർത്തിക്കുന്നു. അഥവാ ഭാരവാഹികൾ പ്രവർത്തിക്കുന്നില്ലെങ്കിൽ കേന്ദ്രത്തെ അറിയിക്കുക.

എന്നാൽ, ഇതനുസരിച്ച് പൊതുവിൽ പ്രവർത്തിക്കുന്നത് ഭാരവാഹികളുമായി വ്യക്തിപരമായ അഭിപ്രായ ഭിന്നത ഉണ്ടാകുമ്പോഴാണ്. ഇത് തഖ്‌വായുടെ രീതിയല്ല. തഖ്‌വായിൽ ഊന്നിക്കൊണ്ട് ഓരോ പ്രതിനിധിയും ഭാരവാഹിയും ശൂറായിലെ അംഗീകരിക്കപ്പെട്ട അഭിപ്രായങ്ങൾ നടപ്പാക്കാനും പ്രാവർത്തികമാക്കാനും ശ്രമിക്കുകയാണെങ്കിൽ പിന്നെ പ്രസ്തുത അഭിപ്രായം വീണ്ടും അടുത്ത വർഷം അല്ലെങ്കിൽ രണ്ടുമൂന്നു വർഷങ്ങൾക്കു ശേഷം അവതരിപ്പിക്കാൻവേണ്ടി സമർപ്പിക്കുന്ന അവസ്ഥ ഉണ്ടാകുന്നതല്ല.

വീണ്ടും പ്രസ്തുത അഭിപ്രായം വരുന്നുവെന്നതിന്റെ അർഥം പ്രസ്തുത വിഷയത്തിൽ പൂർണമായും പ്രവർത്തിക്കുന്നു അല്ലെങ്കിൽ വേണ്ടവിധം പ്രവർത്തിക്കുന്നില്ല എന്നാകുന്നു.

അത്തരം ജമാഅത്തുകളും ഭാരവാഹികളും ഇതാണോ തഖ്‌വായിൽ ചരിക്കുന്നതിന്റേയും തങ്ങളുടെ അമാനത്തിന്റെ കടമകൾ യഥാവിധി നിർവഹിക്കുന്നതിന്റേയും കർമങ്ങളെന്ന് ചിന്തിക്കേണ്ടതാണ്. ഇതാണോ ഖിലാഫത്തിനോടു അനുസരണവും കൂറും പുലർത്തുമെന്ന പ്രതിജ്ഞ സാക്ഷാൽക്കരിക്കുന്ന പ്രവൃത്തിയും!

രാജ്യത്തിന്നകത്തുള്ള ജമാഅത്തുകൾ തങ്ങളുടെ കേന്ദ്രത്തിലേക്ക് ഇത്തരം അഭിപ്രായങ്ങൾ എഴുതുന്നത് അവ പ്രാവർത്തികമാക്കുന്നില്ലെന്ന് കാണുമ്പോഴാണ്. അത് പ്രാവർത്തികമാക്കുന്നുവെങ്കിൽ എല്ലാ തലത്തിലും എല്ലാ ജമാഅത്തും എത്രമാത്രം പ്രാവർത്തികമാക്കുന്നുവെന്ന് നിരീക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ അത്തരം അഭിപ്രായങ്ങൾ വീണ്ടും വരുന്നതേയല്ല. കഴിഞ്ഞ ഒരു വർഷം മുമ്പേ അല്ലെങ്കിൽ രണ്ടുവർഷംമുമ്പേ അവതരിപ്പിച്ചതായതുകൊണ്ട് ശൂറായിൽ അവതരിപ്പിക്കാൻ ശിപാർശ ചെയ്യുന്നില്ലെന്ന തങ്ങളുടെ റിമാർക്സ് കേന്ദ്രത്തിന് കാലത്തിന്റെ ഖലീഫയുടെ മുമ്പിൽവെക്കേണ്ടി വരുന്നതല്ല.

### ശൂറാതീരുമാനങ്ങൾ നടപ്പാക്കുന്നതിൽ കേന്ദ്രത്തിന്റെ ഉത്തരവാദിത്വങ്ങൾ

ഈ മറുപടി എഴുതുമ്പോൾ രാജ്യത്തിന്റെ കേന്ദ്ര നിളാം അതിൽ പ്രവർത്തിക്കാൻ കഴിയാത്തതിൽ ലജ്ജിക്കുന്നുവെന്നും ഈ വർഷം അത് പ്രാവർത്തികമാക്കുമെന്നും അല്ലെങ്കിൽ തങ്ങൾ കുറ്റക്കാരായിരിക്കുമെന്നും അമാനത്തുകളോടുള്ള കടമനിർവഹിക്കാത്തവരിൽ തങ്ങൾ ഉൾപ്പെടുമെന്നും എഴുതിക്കൊണ്ട് തങ്ങളുടെ ലജ്ജ പ്രകടിപ്പിക്കേണ്ടതാണ്. ഈ എഴുത്തിനോടൊപ്പം വളരെ വിനയാന്വിതരായി തങ്ങൾ മാപ്പു ചോദിച്ചുകൊണ്ട് ഈ അഭിപ്രായം ഈ വർഷം അവതരിപ്പിക്കാൻ ശിപാർശ ചെയ്യുന്നുവെന്ന് എഴുതേണ്ടതാണ്. ഇങ്ങനെ ചെയ്യുമ്പോഴാണ് ഉത്തരവാദിത്വങ്ങളെ സംബന്ധിച്ച് അവബോധമുണ്ടാകുന്നത്. തങ്ങൾ അതു ചെയ്യാം ഇതു ചെയ്യാം എന്നൊക്കെ പറഞ്ഞ് വലിയ വലിയ രൂപരേഖകളുണ്ടാക്കി കാലത്തിന്റെ ഖലീഫയുടെ മുമ്പിൽ അവതരിപ്പിക്കുന്നു. പിന്നീട് അത് പ്രാവർത്തികമാക്കുന്നില്ലെങ്കിൽ കുറ്റവാളികളാണ്. കാലത്തിന്റെ ഖലീഫയുടെ വിശ്വാസത്തിനാണ് പോറലേൽപിക്കുന്നത്. ഈ നിലയ്ക്ക് കൂട്ടായി വിലയിരുത്തുന്നതോടൊപ്പം വ്യക്തിപരമായും ഭാരവാഹികളും ശൂറാ പ്രതിനിധികളും കണക്കെടുപ്പ് നടത്തുകയും *ഇസ്തിഗ്ഫാർ* ചെയ്യുകയും പിന്നെ പ്രാവർത്തികമാക്കാതിരുന്നത് എല്ലാ തലത്തിലും മനസ്സിലാക്കുകയും വേണം. ഈ വിലയിരുത്തലുകളാണ് ജമാഅത്തിനെ ശരിയായ ദിശയിൽ നയിക്കുക. അല്ലാതെ വാചകകസറത്തുകൾ പ്രയോജനപ്പെടുന്നതല്ല. രാജ്യങ്ങൾക്കകത്തും ഈ വിലയിരുത്തലുകൾ അനിവാര്യമാണ്. ആക്ടീവായ ചില ജമാഅത്തുകൾ 100% അല്ലെങ്കിൽ 70% തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നു. കാലത്തിന്റെ ഖലീഫയുടെ അംഗീകാരത്തോടെയാണ് തങ്ങൾക്ക് ഈ പ്രവർത്തന രൂപരേഖ കിട്ടിയതെന്നും അതുകൊണ്ടാണ് കാലത്തിന്റെ ഖലീഫയുടെ വിശ്വാസത്തിന് ഭംഗമുണ്ടാകരുതെന്നുള്ള ഒരു വികാരത്തോടെ അതിനെ കർമപഥത്തിൽ കൊണ്ടു വരുന്നതെന്നും ജമാഅത്തംഗങ്ങൾക്കുള്ളിലുള്ള ഈ വികാരത്തിന് വിധേയമായിട്ടാണ് ജമാഅത്തംഗങ്ങളിൽ ഈ ഒരു വിപ്ലവമുണ്ടായതെന്നും മനസ്സിലാക്കേണ്ടതാണ്. അത്തരം സക്രിയമായ ജമാഅത്ത് ഭാരവാഹികളുമായി സജീവമല്ലാത്ത ജമാഅത്ത് ഭാരവാഹികളുടെ മീറ്റിംഗുകൾ നടത്തുക. മാത്രമല്ല കേന്ദ്രഭാരവാഹികളുമായും മീറ്റിംഗ് നടത്തുക. അവരുടെ അനുഭവങ്ങളിൽനിന്ന് പ്രയോജനമെടുക്കുകയും ചെയ്യുക.

എവിടെയെങ്കിലും ഒരുജമാഅത്ത് സക്രിയവും തങ്ങളുടെ കർമപരവും ആത്മീയവുമായ പരിപാടികളിൽ നല്ലപോലെ പ്രവർത്തിക്കുന്നവരുമാണെങ്കിൽ മറ്റു പത്തു ജമാഅത്തുകൾക്ക് അവരുടെ രീതിയിൽ ഷയർ ചെയ്യുകയാണെങ്കിൽ പ്രയോജനമുണ്ടാകുന്നതാണ്. എന്നാൽ, കേന്ദ്ര സംവിധാനത്തിലെ ഓരോ സെക്രട്ടറിയും ഭാരവാഹിയും ശൂറാ പ്രതിനിധിയും വിശ്വസ്തപൂർവം തങ്ങളുടെ പങ്ക് നിർവഹിക്കുകയാണെങ്കിൽ മാത്രമെ ഇതു സാധ്യമാകുകയുള്ളു.

ചില ജമാഅത്തുകളും രാജ്യങ്ങളും കണക്കെടുപ്പുകൾ നടത്തിയിട്ടുണ്ട്. അതിന്റെ ഫലമായി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ശൂറായിലെടുത്ത തീരുമാനങ്ങൾ എത്രമാത്രം നടപ്പാക്കി, നടപ്പാക്കിക്കൊണ്ടിരിക്കുന്നു എന്നതിനെപറ്റി ത്രൈമാസ അവലോകന റിപ്പോർട്ട് ഇവിടെ കേന്ദ്രത്തിലേക്ക് അയക്കുന്നു. അതായത് അംഗീകാരം ലഭിച്ച രൂപരേഖയനുസരിച്ച് ഇത്രപരിധിവരെ മാത്രമെ ലക്ഷ്യം വരിച്ചിട്ടുള്ളൂവെന്നും ഇനി കൂടുതൽ പരിശ്രമിക്കുമെന്നും കേന്ദ്രത്തിലേക്ക് റിപ്പോർട്ടയക്കുന്നതുകൊണ്ട് പ്രസ്തുത അഭിപ്രായം രണ്ടുവർഷംമുമ്പേ അവതരിപ്പിച്ചതാണെന്നും അതുകൊണ്ട് വീണ്ടും അവതരിപ്പിക്കാൻ സാധ്യമല്ലെന്നും പറഞ്ഞ് ഇരുന്നാൽമാത്രം പോരെന്ന ബോധമുണ്ടാകുന്നതാണ്. പിന്നെ അത്തരം ജമാഅത്തുകളിൽ ഉത്തരവാദിത്വബോധം വർധിക്കുകയും ചെയ്തിട്ടുണ്ട്.

കേവലം വാചകകസറത്തുകളിലൂടെ നമുക്ക്

**ത്വാലിബെ ദുആ**

'സ്വർഗത്തിന്റെ കവാടങ്ങളിൽനിന്ന് ഒരു കവാടത്തിന്റെ പേര് *ബാബു സ്വദഖ* എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക.' (സ്വഹീഹ് മുസ്‌ലിം)



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊറിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'(ജുമുഅ ഖുത്ബ 4 – 10 – 2019)

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

ലോകത്തെ ജയിച്ചടക്കാൻ കഴിയില്ല. പ്രവർത്തനവും അനിവാര്യമാണ്. ശക്തമായ ആസൂത്രണം ആവശ്യമുള്ള ഇടങ്ങളിൽ കർമപരമായ പരിശ്രമവും വേണ്ടതാണ്. തങ്ങളുടെ യിബാദത്തുകളുടെ നിലവാരം കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. ഭാരവാഹികളും ശൂറാ പ്രതിനിധികളും തങ്ങളുടെ ആരാധനകളുടെ നിലവാരം മെച്ചപ്പെടുത്താൻ ശ്രമിക്കുകയാണെങ്കിൽ മസ്ജിദുകളെ സജീവമാക്കാൻ തങ്ങളുടെ കർമമാതൃക കാഴ്ച വെക്കുകയാണെങ്കിൽ മസ്ജിദുകളിലെ നമസ്കാരക്കാരുടെ എണ്ണം മൂന്നുനാലിരിട്ടിയായി വർധിക്കുന്നതാണ്. ഇതിന്റേയും കണക്കെടുപ്പ് നടത്തേണ്ടതാണ്.

ചുരുക്കിപ്പറഞ്ഞാൽ തങ്ങളുടെ കർമപരമായ മാതൃകകൾ, ജനങ്ങളോടു സ്നേഹപരമായബന്ധവും അവരുടെ വേദന ഹൃദയത്തിൽവെക്കലും അവർക്കുവേണ്ടിയും തങ്ങൾക്കുവേണ്ടിയും ദുആകൾ ചെയ്യലും, കാലത്തിന്റെ ഖലീഫയോടുള്ള അനുസരണത്തിന്റെ നിലവാരം ഉയർത്തലും എല്ലാ ഭാരവാഹികളുടേയും എല്ലാ ശൂറാ അംഗങ്ങളുടേയും പ്രത്യേക വേർതിരിവായിരിക്കും. അപ്പോഴായിരിക്കും ഒരു വിപ്ലവകരമായ മാറ്റം മൊത്തത്തിൽ ജമാഅത്തിലുണ്ടാകുന്നത് നമ്മൾ കാണുക.

### ശൂറയുടെ ആവശ്യകത

നമുക്കുമേൽ ഒരു വലിയ ജോലിയുമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനലക്ഷ്യവും ആ മഹാത്മാവിന്റെ ദൗത്യവും നിസ്സാരകാര്യമല്ല. ലോകത്ത് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങളെത്തിക്കുകയും അങ്ങനെ ലോകത്തെ ഏകദൈവാരാധകരാക്കിമാറ്റുകയും ചെയ്യുന്നതിന് നിരന്തരമായ പരിശ്രമം ആവശ്യമാണ്. ലോകത്ത് ശൂറ സംഘടിപ്പിക്കുന്നതിന്റെ വലിയൊരു ആവശ്യമിതാണ്.

എല്ലാ രാജ്യങ്ങളിലും നമ്മൾ നമ്മുടെ കർമപരമായ അവസ്ഥകളെ നന്നാക്കിത്തീർക്കാൻ ആസൂത്രണങ്ങൾ നടത്തുമ്പോൾ അവിടെ ഏകദൈവസന്ദേശമെത്തിക്കാനും ലോകത്തെ ഏക സമുദായമാക്കി നബി(സ)തിരുമേനിയുടെ പതാകയുടെ കീഴിൽ കൊണ്ടുവരാനും പദ്ധതികൾ ആവിഷ്കരിക്കുന്നു. അത് ഒരു വിപ്ലവാത്മകമായ രീതിയിൽ ഉണ്ടായിരിക്കേണ്ടതാണ്.

എപ്പോഴും ഓർക്കുക! ഈ പ്രവർത്തനങ്ങളെല്ലാം സാക്ഷാത്കരിക്കുന്നതിന് ചെലവുകളും ആവശ്യമായി വരും. സമ്പത്താവശ്യമാണ്. അതുകൊണ്ട് ധനപരമായ ബജറ്റ് കുറഞ്ഞ ചെലവിൽ പരമാവധി പ്രയോജനപ്പെടുംവിധത്തിൽ തയ്യാറാക്കേണ്ടതാണ്. ജമാഅത്തംഗങ്ങളിൽ ഭൂരിഭാഗവും ദരിദ്രരോ മധ്യവിഭാഗത്തിൽപ്പെട്ടവരോ ആണ്. അതുകൊണ്ട് നമ്മുടെ ചന്ദകളുടെ വരവനുസരിച്ച് ഏറ്റവും കുറഞ്ഞ ചെലവിൽ ദീനിന്റെ പ്രചാരണവും പ്രബോധനവും സാധ്യമാകുംവിധം പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

തഖ്‌വായിൽ പദമൂന്നിക്കൊണ്ട് തങ്ങളുടെ ഉത്തരവാദിത്വങ്ങളും അമാനത്തുകളും നിറവേറ്റാനും ദീനീസേവനം ഒരു ദൈവികമായ ഔദാര്യമായി മനസ്സിലാക്കുകയും ചെയ്യണമെന്ന യാഥാർഥ്യം ഉൾക്കൊള്ളുകയും ചെയ്യുമ്പോൾ മാത്രമെ അതു സാധ്യമാകുകയുള്ളു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തഖ്‌വായിൽ ചരിക്കുന്നതിന് ഉപദേശിച്ചുകൊണ്ട് ഒരു സ്ഥലത്ത് പറയുന്നു:

അല്ലാഹു പറയുന്നു,
يَاَيُّهَا الَّذِيْنَ اٰمَنُوْٓا اِنْ تَتَّقُوا اللّٰهَ يَجْعَلْ لَّكُمْ فُرْقَانًا وَّيُكَفِّرْ عَنْكُمْ سَيِّاٰتِكُمْ (8:30)

പിന്നീട് പറഞ്ഞു:

وَيَجْعَلْ لَّكُمْ نُوْرًا تَمْشُوْنَ بِهٖ (57:29)

വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുന്നതായാൽ അവൻ നിങ്ങൾക്കും അന്യർക്കുമിടയിൽ ഒരു വ്യതിരിക്തത ഉണ്ടാക്കുകയും നിങ്ങളുടെ വൈകല്യങ്ങളെ ദൂരീകരിക്കുകയും ചെയ്യുന്നതാണ്. അവൻ നിങ്ങൾക്ക് ഒരു പ്രകാശവും നല്കുന്നതാണ്. അതുംകൊണ്ട് നിങ്ങൾ വഴിനടക്കും. അതായത് പ്രസ്തുത പ്രകാശം നിങ്ങളുടെ സകല കർമങ്ങളിലും വാക്കുകളിലും കഴിവുകളിലും ബോധങ്ങളിലും ഉണ്ടായിരിക്കുന്നതാണ്. നിങ്ങളുടെ വിവേകത്തിലും പ്രകാശമുണ്ടാകും. നിങ്ങളുടെ നിഗമനങ്ങളിലും പ്രകാശമുണ്ടാകും. നിങ്ങളുടെ കണ്ണുകളിലും പ്രകാശമുണ്ടാകും. നിങ്ങളുടെ ചെവികളിലും പ്രകാശമുണ്ടാകും. നിങ്ങളുടെ അധരങ്ങളിലും പ്രകാശമുണ്ടാകും. നിങ്ങളുടെ വിവരണങ്ങളിലും പ്രകാശമുണ്ടാകും. നിങ്ങളുടെ അനക്കമടക്കങ്ങളിലും പ്രകാശമുണ്ടാകും. നിങ്ങൾ സഞ്ചരിക്കുന്ന വഴികൾ പ്രകാശമാനമാകും. ചുരുക്കത്തിൽ നിങ്ങളുടെ എല്ലാ വഴികളും നിങ്ങളുടെ കഴിവുകളുടെ വഴികളും നിങ്ങളുടെ ബോധങ്ങളുടെ വഴികളും എല്ലാം തന്നെ ആപാദചൂഢം പ്രകാശത്തിൽ സഞ്ചരിക്കുന്നതാണ്.(ആയിനെ കമാലാത്തെ ഇസ്ലാം, റൂഹാനി ഖസായിൻ, വാള്യം.5, പേ.177-178)

അല്ലാഹു നമുക്ക് തഖ്‌വായിലൂടെ സഞ്ചരിച്ചുകൊണ്ട് നമ്മുടെ ചുമതലകൾ നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു നമ്മുടെ തെറ്റുകളേയും ദൗർബല്യങ്ങളേയും മറച്ചുവെച്ചുകൊണ്ട് എപ്പോഴും അവന്റെ ഔദാര്യം നമുക്കുമേൽ വർഷിക്കുമാറാകട്ടെ.

## നമസ്കാരത്തിലെ അനുഭൂതി

**ചോദ്യം:** നമസ്കാരത്തിൽ ചിലനേരത്ത് അനുഭൂതി ലഭിക്കുന്നു; ചിലപ്പോൾ ലഭിക്കുന്നില്ല. ഇതിനുള്ള പരിഹാരമെന്ത്?

**ഹദ്റത്ത് മസീഹ് മൗഊദ് (അ) :** ധൈര്യം കൈവിടാതിരിക്കുകയാണ് വേണ്ടത്. എന്നല്ല, ആ അനുഭൂതിയുടെ നഷ്ടബോധം അനുഭവിച്ചറിയുകയും അതിനെ വീണ്ടെടുക്കാൻ പരിശ്രമിക്കുകയും വേണം. കള്ളൻ വന്ന് സമ്പത്തെല്ലാം അപഹരിച്ചു കൊണ്ട് പോയാൽ അതിനെ ചൊല്ലി സങ്കടപ്പെടുകയും ഇനിയങ്ങോട്ട് ഇത്തരം അപകടങ്ങളിൽ നിന്ന് സുരക്ഷിതനായിക്കാൻ മനുഷ്യൻ ശ്രമിക്കുകയും അങ്ങനെ പതിവിലധികം സാമർഥ്യത്തോടും സൂക്ഷമതയോടും കൂടി അവൻ പ്രവർത്തിക്കുകയും ചെയ്യുന്നുവല്ലോ. ആ സ്ഥിതിക്ക് നമസ്കാരത്തിലെ അനുഭൂതിയെയും ആകർഷണത്തെയും അപഹരിക്കുന്ന മാലിന്യങ്ങളുടെ കാര്യത്തിൽ എത്രമാത്രം ബോധവാൻമാരാകേണ്ടതുണ്ട്? അതിനെപ്പറ്റി എന്തുകൊണ്ട് സങ്കടപ്പെട്ടു കൂടാ?

തന്റെ അഭിനിവേശവും അനുഭൂതിയും നഷ്ടപ്പെടുന്ന അവസ്ഥ മനുഷ്യൻ കാണുമ്പോൾ അവൻ ചിന്താകുലനോ ദു:ഖിതനോ ആവാതിരിക്കരുത്. നമസ്കാരത്തിൽ നിരാനന്ദം സംജാതമാകുക എന്നത് കള്ളന്റെ മോഷണമാണ്;ആത്മീയ രോഗമാണ്. രുചിഭേദം അനുഭവിക്കുന്ന രോഗി ഉടനടി ചികിത്സയെ കുറിച്ച് ചിന്തിക്കുന്നതു പോലെ, ആത്മീയാനന്ദം കൈമോശം വന്നവൻ ഉടൻ തന്നെ അത് ശരിയാക്കുന്നതിലേക്ക് ചിന്തിക്കേണ്ടതാണ്.

ഓർക്കുക, മനുഷ്യന്റെ ഉള്ളിൽ ആന്ദാനുഭൂതിയുടെ ഒരു വലിയ അരുവി തന്നെയുണ്ട്. അവൻ വല്ല പാപവും ചെയ്താൽ ആനന്ദത്തിന്റെ ആ അരുവി മലിനമാകുന്നു. അതോടെ ആ ആനന്ദം നിലനില്ക്കില്ല. ഉദാഹരണമായി, അന്യായമായി ചീത്ത പറയുകയോ നിസ്സാര കാര്യത്തിനായി കോപത്താൽ വെറി പൂണ്ട് തെറി വിളിക്കുകയോ ചെയ്യുമ്പോൾ നമസ്കാരത്തിലെ അനുഭൂതി അകലാൻ തുടങ്ങുന്നു. ധാർമിക ഗുണങ്ങൾ അനുഭൂതിയെ വലിയ തോതിൽ സ്വാധീനിക്കുന്നുണ്ട്. മനുഷ്യന്റെ സ്വഭാവഗുണങ്ങൾ മാറുന്നതോടെ അവന്റെ അനുഭൂതിയിലും മാറ്റം സംഭവിക്കുന്നു. അതുകൊണ്ട് നമസ്കാരത്തിൽ അനുഭവവേദ്യമായിരുന്ന ആനന്ദാനുഭൂതികൾ കുറഞ്ഞു വരുന്ന അവസ്ഥകളുണ്ടാകമ്പോഴെല്ലാം നിരാശപ്പെടുകയും നിരുത്സാഹപ്പെട്ടു കൊണ്ട് ധൈര്യം ചോർന്നു പോവുകയും ചെയ്യരുത്. മറിച്ച്, നല്ല ഉന്മേഷത്തോടെ ആ നഷ്ടത്തിനെ വീണ്ടെടുക്കാൻ വേണ്ടി ചിന്തിക്കുകയാണ് വേണ്ടത്. അതിനുള്ള ചികിത്സയാണ് തൗബ, ഇസ്തിഗ്ഫാർ, കേഴലോടെ പ്രാർഥിക്കൽ എന്നിവ.


അനുഭൂതി ലഭിക്കുന്നില്ലെന്ന് വെച്ച് നമസ്കാരം ഉപേക്ഷിക്കരുത്. മറിച്ച് അധികമധികമായി അനുഷ്ഠിക്കുക. ഉദാഹരണമായി, മദ്യപാനിക്ക് ലഹരി തലയ്ക്ക് പിടിച്ചില്ലെന്നു വെച്ച് മദ്യപാനം ഉപേക്ഷിക്കുകയില്ല, മറിച്ച് അയാൾക്ക് രസാനുഭൂതി ലഭിക്കുവോളം മദ്യം കഴിച്ചു കൊണ്ടേ പോവുന്നു. അതു കൊണ്ട് നമസ്കാരത്തിൽ ആനന്ദരാഹിത്യം അനുഭവിക്കുന്നവർ അധികമായി നമസ്കരിക്കുകയാണ് വേണ്ടത്. നിരാശപ്പെടുന്നത് ശരിയല്ല. ഒടുവിൽ ഈ നിരാനന്ദത്തിൽ ഒരാനന്ദം ജൻമം കൊള്ളുന്നതാണ്.(മൽഫൂസാത്ത് വാള്യം. 3. പേ.309)


### • അമീറുൽ മുഅ്മിനീന്റെ ഉപദേശം: •

**തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപ്പിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)**

### • അമീറുൽ മുഅ്മിനീന്റെ ഉപദേശം: •

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.' (ജുമുഅ ഖുത്ബ 4-10-2019)**



ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPPIRIYAM


ത്വാലിബെ ദുആ:
ANWAR SADAT & FAMILY
JAMA-ATH AHMADIYYA, PATHAPPIRIYAM

# ആത്മത്യാഗികളുടെ ഒളിമങ്ങാത്ത ജീവിതമാതൃക

**മുഹമ്മദു ഇസ്മായീൽ ആലപ്പി**

1. ഹദ്റത്ത് അല്ലാഹ് യാർ സാഹിബ്(റ)നിവേദനം: ഹദ്റത്ത് മസീഹ് മൗഊദു (അ) മായി ഒരുപാട് പ്രാവശ്യം ഞാൻ കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. അതെനിക്ക് വളരെ ഇഷ്ടമായിരുന്നു. ഞാൻ ഹുദൂറിന് കൈയും കാലും ഞെക്കിക്കൊടുക്കുമായിരുന്നു. അങ്ങയ്ക്കുണ്ടാകുന്ന ഇൽഹാമുകളും ദൈവികവചനങ്ങളും കേൾക്കാറുണ്ടായിരുന്നു. ഈ താൽപര്യത്തോടെ ഖാദിയാനിൽ ഹിജ്റത്ത് ചെയ്തു വന്നു. ഇവിടെ വന്ന് മരപ്പണി തുടങ്ങി. ആദ്യം കുറച്ചു കാശുണ്ടായിരുന്നു. പിന്നീട് അതു തീർന്നു. അതുകഴിഞ്ഞ് ഒരു ദിവസം അലുവയുണ്ടാക്കി വിൽക്കാൻ തുടങ്ങി. ബയ്ത്തുദ്ദുആയുടെ താഴെ വിളിച്ചു പറഞ്ഞ് കച്ചവടം നടത്തുകയായിരുന്നു. ഹദ്റത്ത് ഉമ്മുൽമുഅ്മിനീൻ(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറഞ്ഞു:'ഇത് ഠേക്കേദാർ സാഹിബാണല്ലോ. ഇദ്ദേഹത്തിന്റെ പക്കൽ കഴുതയുണ്ടാകുമല്ലോ? വെളിയിൽപ്പോയി എന്തുകൊണ്ട് കച്ചവടം നടത്തുന്നില്ല?' ഹുദൂർ (അ) പറഞ്ഞു: 'ഇദ്ദേഹം എഴുത്തും വായനയും അറിയുന്നയാളല്ല. മരപ്പണി മാത്രമേ അറിയൂ. അല്ലാഹു അതിൽ ബറക്കത്ത് നൽകുമാറാകട്ടെ.' ഹുദൂർ(അ)പറഞ്ഞു: 'മെഹ്മാൻ ഖാന(അതിഥി മന്ദിരം)യിൽ കട്ടിലുകൾക്ക് കാലുകൾ ആവശ്യമുണ്ട്. ഇരുപത് കാലുകൾ ഉണ്ടാക്കാനുള്ള ചുമതല അദ്ദേഹത്തെ ഏല്പിച്ചു.

2. ബഹുമാനപ്പെട്ട ഖാൻ സാഹിബ്(റ)നിവേദനം: '1902-ൽ ഹദ്റത്ത് സ്വാഹിബ് സാദഃ അബ്ദുല്ലത്വീഫ് സാഹിബ്(റ)ന്റെ കൂടെ ഞാൻ ഖാദിയാനിൽ വന്നു. ളുഹ്ർ നമസ്കാരത്തിനുശേഷം ഞങ്ങൾ ബയ്അത്തു ചെയ്തു. ഹദ്റത്ത് ശഹീദ് മർഹൂം ഏറ്റവുമാദ്യം കൈയിൽ കൈവെച്ചുകൊണ്ട് ബയ്അത്ത് ചെയ്തു. രണ്ടു ദിവസത്തിനുശേഷം ഖോസ്തിലെ ഭരണാധികാരി എന്നെ പീഡിപ്പിക്കുന്നതായി ശഹീദ് മർഹൂം സ്വപ്നം കണ്ടു. അതുകൊണ്ട് എന്നെ തിരിച്ചയച്ചു. ഖാൻ സാഹിബ് പറയാറുണ്ടായിരുന്നു, സ്വാഹിബ്സാദ സ്വാഹിബ് മിക്കപ്പോഴും പറയുമായിരുന്നു,'എന്നെക്കാൾ വലിയൊരു ആലിമിനെ ഞാൻ കണ്ടിട്ടില്ല. ഇത് അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുമാത്രമാണ്. ഇല്ലെങ്കിൽ ഞാനദ്ദേഹത്തിന്റെ കാലുകൾ മുത്തുമായിരുന്നു.' ഞാൻ ഖാദിയാനിൽ വന്നപ്പോൾ സ്വാഹിബ്സാദഃ സ്വാഹിബ് ഹുദൂറിന്റെ കാലുകൾ ചുംബിക്കുന്നത് എന്റെ കണ്ണുകൊണ്ട് ഞാൻ കണ്ടിട്ടുണ്ട്.

3. ഹദ്റത്ത് മൗലവി സെക്കന്ദർ അലി ഖാൻ സ്വാഹിബ്(റ)വിവരിക്കുന്നു: പ്രഭാതസവാരി നേരത്ത് ഞാൻ ഹുദൂറി(അ)നോടൊപ്പം ഉണ്ടായിരുന്നു. ഹുദൂർ(അ)ഭേനീബാങ്കറിനു എതിർവശമുള്ള ബസർവാ എന്ന വഴിയിലൂടെ നടക്കുകയായിരുന്നു. വഴിമദ്ധ്യേ ഹുദൂർ (അ) പറഞ്ഞു: 'ഹുക്ക, ഭൻഗ്, ചരസ് തുടങ്ങിയ ചെറിയ ചെറിയ ദുശ്ശീലങ്ങൾ ഉപേക്ഷിക്കാൻ കഴിയാത്തവർ വലിയ വലിയ ബുദ്ധിമുട്ടുകൾ- അതിലാണെങ്കിൽ മാതാവ് പിതാവ് സഹോദരൻ സഹോദരി തുടങ്ങി ബന്ധുക്കളെപ്പോലും ഉപേക്ഷിക്കേണ്ടിവരുന്നു-എങ്ങനെ ഉപേക്ഷിക്കനാണ്?' ഈ സാധു ആദ്യം ഹുക്ക വലിക്കാറുണ്ടായിരുന്നു. എന്നാൽ, ഹുദൂറിൽനിന്ന് ഇക്കാര്യം കേട്ടതോടെ ഹുക്കവലി നിറുത്തുമെന്ന് പ്രതിജ്ഞ ചെയ്തു.

4. ഹദ്റത്ത് മലിക് ഖാൻ സ്വാഹിബ്(റ)പറയുന്നു: 'അനുഗൃഹീത റമളാൻ ഈ വർഷം ഖാദിയാനിൽ കഴിച്ചു കൂട്ടണമെന്നും പെരുന്നാൾ അവിടെ കൊണ്ടാടണമെന്നുമുള്ള ആഗ്രഹമുണ്ടായി. ആ നാളുകളിൽ സൈന്യത്തിൽ പുതിയ പ്രവേശനം നടന്നതേയുള്ളു. തപാൽമുഖേന ഞാൻ ആദ്യം ബയ്അത്ത് ചെയ്തത് 1895-ലായിരുന്നു. അതുകൊണ്ട് ആദ്യം ഹുദൂറിനെ കാണാമെന്നാഗ്രഹിച്ചു. ഞാൻ ഖാദിയാനിൽ വന്നു. ഇവിടെ വന്ന് ഹുദൂറിന്റെ മുഖകമലം കണ്ടപ്പോൾ പെട്ടെന്ന് തോന്നി, എനിക്കു ഭരണം മുഴുവനും കിട്ടിയാലും ഈ ഖാദിയാനിൽനിന്ന് ഞാൻ പുറത്തുപോകുകയില്ല. ഞാൻ നിത്യവും ദുആയ്ക്കുവേണ്ടി ഹുദൂറിന് ഒരു കുറിപ്പെഴുതുമായിരുന്നു. ഹുദൂറിന് വെറുപ്പുണ്ടാകുമോ എന്ന് ചിന്തിക്കാതിരുന്നില്ല. ഒരിക്കൽ ഹുദൂർ എനിക്കു എഴുത്തിലൂടെ മറുപടി തന്നു: 'ദുആയ്ക്കുവേണ്ടി എപ്പോഴും എന്നെ ഓർമിപ്പിച്ചുകൊണ്ടിരിക്കുന്ന നല്ലൊരു മാർഗമാണ് താങ്കൾ സ്വീകരിച്ചിട്ടുള്ളത്.'

5. 1902-ൽ ഒരു നവാബ് തന്റെ പരിവാരത്തോടൊപ്പം ഖലീഫ അവ്വലിന്റെ അടുത്ത് ചികിത്സയ്ക്കായി ഖാദിയാനിൽ വന്നു. അവരുടെ പ്രദേശത്ത് ആയിടെ വൈസ്രോയിയുടെ പര്യടനം നിശ്ചയിച്ചിട്ടുണ്ടായിരുന്നു. തന്റെ കൂടെ വരാൻ നവാബ് സ്വാഹിബ്, ഖലീഫാ അവ്വലിനോട് അപേക്ഷിച്ചു. ഖലീഫാ അവ്വൽ പറഞ്ഞു: 'ഞാൻ എന്റെ ജീവന്റെ ഉടമസ്ഥനല്ല. എനിക്ക് ഒരു യജമാനനുണ്ട്. അദ്ദേഹത്തോടു ചോദിക്കുക.' ളുഹ്റിന്റെ നേരത്ത് ആ ഉദ്യോഗസ്ഥന്മാർ അല്ലാഹുവിന്റെ നബിയോടു അപേക്ഷിച്ചു. ഹുദൂർ(അ)പറഞ്ഞു: 'അദ്ദേഹത്തോട് തീയിൽ ചാടാൻ പറഞ്ഞാലും വെള്ളത്തിൽ മുങ്ങാൻ പറഞ്ഞാലും നിഷേധിക്കുകയില്ലെന്ന കാര്യത്തിൽ സംശയമില്ല. ഇവിടെ അദ്ദേഹം നില്ക്കുന്നതുകൊണ്ട് സാധുക്കൾക്ക് ഒരുപാട് ഗുണമുണ്ട്.' അന്നുതന്നെ അസ്റിന്റെ നേരത്ത് ദർസിൽ ഹദ്റത്ത് ഖലീഫാ അവ്വൽ അങ്ങേയറ്റം സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'തീയിലിട്ടാലും വെള്ളത്തിലിട്ടാലും ഞാൻ നിഷേധിക്കുകയില്ലെന്ന് ഹുദൂർ എന്നെക്കുറിച്ചു അഭിപ്രായപ്പെട്ടിരിക്കുന്നു.

6. ഹദ്റത്ത് മുഹിബ്ബുർറഹ്മാൻ സ്വാഹിബ് നിവേദനം: '1899-ൽ ഞാൻ എന്റെ പിതാവിനോടൊപ്പം ഖാദിയാനിൽ വന്നു. കുതിരവണ്ടി അതിഥിമന്ദിരത്തിന്നടുത്ത് എത്തിയുടനെ പിതാവ് ചാടി ഇറങ്ങി ഓടിപ്പോയി. അല്പം കഴിഞ്ഞപ്പോൾ വരികയും ചെയ്തു. ഇതിന്നിടയിൽ ഹദ്റത്ത് മൗലവി ഹാമിദലി സ്വാഹിബ്(റ)പിതാവിന്റെ സാധനങ്ങൾ അതിഥിമന്ദിരത്തിൽ കൊണ്ടുപോയിവച്ചു കഴിഞ്ഞിരുന്നു. അടുത്ത ദിവസം പിതാവ് എന്നെ പരിചയപ്പെടുത്തുന്നതിന് ഹുദൂറിന്റെ അടുത്ത് കൊണ്ടുപോയി. ഹുദൂർ(അ) ഇരിപ്പിടത്തിൽ ഇരിക്കുകയായിരുന്നു. പിതാവ് പറഞ്ഞു: 'ഹുദൂർ ഇവന്റെ ബയ്അത്ത് വാങ്ങിയാലും.' ഹുദൂർ(അ)പറഞ്ഞു: 'അവന്റെ ബയ്അത്ത് ആയിക്കഴിഞ്ഞിട്ടുണ്ട്.' പിതാവ് വീണ്ടും പറഞ്ഞു: 'ഹുദൂർ അവന്റെ ബയ്അത്ത് വാങ്ങിയാലും.' അപ്പോൾ ഹുദൂർ(അ)പറഞ്ഞു: 'ശരി, വൈകുന്നേരം വാങ്ങാം.' ആ ദിവസം വൈകുന്നേരം ബയ്അത്തിനുശേഷം എനിക്കൊരുകാര്യം വ്യക്തമായി, ഹുദൂറിനോടുള്ള അതിരറ്റ പ്രേമവും സ്നേഹവും കൊണ്ടാണ് കുതിരവണ്ടിയിൽനിന്ന് അദ്ദേഹം ചാടിയിറങ്ങി ഓടിയത്.

7. ഹദ്റത്ത് ശേയ്ഖ് സയ്നുൽആബിദീൻ സ്വാഹിബ്(റ)വിവരിക്കുന്നു: 'എന്റെ സഹോദരൻ മെഹ്റുദീൻ സ്വാഹിബ് എട്ടാം ക്ലാസ്സിൽ പഠിക്കുകയായിരുന്നു. അവന് രോഗം ബാധിച്ചു. ആറു മാസം ചികിത്സിച്ചെങ്കിലും ഭേദമായില്ല. ഞങ്ങൾ അവനെ ഖാദിയാനിൽ കൊണ്ടുവന്നു. ഹുദൂർ(അ)ഉം ചികിത്സിക്കുകയുണ്ടായി. എന്നാൽ, അവന്റെ മരണം അടുത്തിരിക്കുന്നുവെന്ന് അല്ലാഹു തആല അറിയിച്ചു. ബന്ധുക്കൾ അവനെ നാട്ടിലേക്കു കൊണ്ടുപോകുകയായിരുന്നു. എന്നാൽ, രോഗിയായ ആ കുട്ടി പറഞ്ഞു: 'എനിക്ക് ഖാദിയാനിൽതന്നെ താമസിക്കണം, ഒരിക്കലും ഞാൻ ഇവടംവിട്ട് പോകുകയില്ല.' അങ്ങനെഅവന്റെ പിടിവാശിയിൽ അവനെ തിരിച്ചുകൊണ്ടുവന്നു. അവസാനം ആ കുട്ടി ഖാദയാനിൽത്തന്നെ മരണപ്പെട്ടു. ഹുദൂർ (അ)അവന്റെ ജനാസ നമസ്കരിപ്പിച്ചു. വളരെ ദീർഘമായി ദുആ ചെയ്തു.

8. ഹദ്റത്ത് ഗുലാം ഗൗഥ് സ്വാഹിബ്(റ) പറയുന്നു: മീർ മഹ്ദി ഹസൻ സ്വാഹിബ് (റ) പറഞ്ഞു: 'ഒരിക്കൽ ഹുദൂർ(അ)ഐസ് കൊണ്ടുവരുന്നതിനുവേണ്ടി എന്നെ അമൃത്സറിൽ അയച്ചു. വഴിയിൽവച്ച് വണ്ടിയിൽനിന്ന് തല വെളിയിലേക്കിട്ടപ്പോൾ തൊപ്പി തെറിച്ച് വെളിയിൽപ്പോയി. മീർ നാസ്വിർ സ്വാഹിബ് (റ)തലമറയ്ക്കാത്തതിന്റെ കാര്യം എന്നോടു ചോദിച്ചു. ഞാൻ കാര്യങ്ങളെല്ലാം അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം അത് ഹുദൂർ(അ)നോട് പറഞ്ഞു. ഹുദൂർ(അ)പറഞ്ഞു: 'ശരി,നാം അദ്ദേഹത്തിന് തൊപ്പികൊടുക്കാം.' ആറു മാസത്തിനുശേഷം ഹുദൂർ(അ)എനിക്കു തൊപ്പിയും കോട്ടും ചെരിപ്പും തന്നു. തൊപ്പി ധരിക്കാൻപോകുമ്പോൾ ഒരാൾ പറഞ്ഞു: 'താങ്കളുടെ തൊപ്പി അഴുക്കായിട്ടുണ്ട്, ഞാൻ പുതിയത് വാങ്ങിക്കൊണ്ടു തരാം.' ഞാൻ പറഞ്ഞു: 'ഈ പദവിയിലുള്ള തൊപ്പി എവിടെനിന്നും കൊണ്ടുവരാൻ സാധിക്കുകയില്ല. ഈ തൊപ്പി പരിശുദ്ധ ഹുദൂറിന്റെ(അ)തലയിൽ രണ്ടു വർഷം ഇരുന്നതാണ്.'

9. ഹദ്റത്ത് മൗലവി അസീസുദ്ദീൻ സ്വാഹിബ് (റ)പറയുന്നു: 'ഞാൻ ഖാദിയാനിൽ വരുമ്പോഴെല്ലാം എന്റെ തലപ്പാവ് ഊരുകയും ഹുദൂർ(അ)ന്റെ കൈപിടിച്ച് എന്റെ തലയിൽ തടവുകയും ചെയ്യാറുണ്ടായിരുന്നു. ഞാൻ കൈ പിൻവലിക്കുന്നതുവരെ ഹുദൂർ കൈ എടുക്കുമായിരുന്നില്ല. ഇതിന്റെ ഫലം എന്തായിയെന്നുവച്ചാൽ ഇപ്പോൾ എനിക്കു 81 വയസ്സുണ്ട്. എന്നാൽ, ഇന്നേവരെ കഠിനമായ രോഗമൊന്നും എനിക്കുണ്ടായിട്ടില്ല. (ബദ്ർ വാള്യം 61 ലക്കം 21, 2012 മെയ് 24 പേജ് 16)

10. ഹദ്റത്ത് മസീഹ് മൗഊദ് (അ)ഹഖീഖത്തുൽവഹ്യ് എന്ന തന്റെ ഗ്രന്ഥത്തിൽ 72-ാമത്തെ അടയാളത്തിൽ പറയുന്നു: ബറാഹീനെ അഹ്മദിയ്യായിൽ എന്നെ സംബന്ധിച്ച് അല്ലാഹുവിന്റെ ഈ പ്രവചനമുണ്ട്. *അൽഖയ്ത്തു അലയ്ക്ക മഹബ്ബത്തൻ മിന്നീ വ ലിതുസ്നഅ അലാ അയനീ* അല്ലാഹു പറയുന്നു, നിന്നോടുള്ള സ്നേഹം ഞാൻ ജനഹൃദയങ്ങളിൽ ഇടുന്നതാണ്. ഞാൻ എന്റെ കൺമുമ്പിൽ നിന്നെ പരിപാലിച്ച് വളർത്തുന്നതാണ്. ഞാനുമായി ഒരു വ്യക്തിക്കുപോലും ബന്ധമില്ലായിരുന്ന കാലത്തുള്ള ഇൽഹാമാണിത്. പിന്നീട് ഒരു കാലയളവിനുശേഷം ഈ ഇൽഹാം പുലർന്നു. ആയിരക്കണക്കിനാളുകളെ അല്ലാഹു സൃഷ്ടിക്കുകയും അവരുടെ അന്തരംഗങ്ങളിൽ എന്നോടുള്ള സ്നേഹം നിറക്കുകയും ചെയ്തു. ചിലർ എനിക്കുവേണ്ടി ജീവൻ ബലിയർപ്പിച്ചു. ചിലർ എനിക്കുവേണ്ടി ധനനഷ്ടം സഹിച്ചു. എനിക്കുവേണ്ടി ചിലർ സ്വന്തം നാട്ടിൽനിന്ന് പുറത്താക്കപ്പെട്ടു. പീഡിപ്പിക്കപ്പെട്ടു. വിഷമിപ്പിക്കപ്പെട്ടു. തങ്ങളുടെ സ്വന്തം ആവശ്യങ്ങളെക്കാൾ എനിക്കു മുൻഗണന നല്കിക്കൊണ്ടു തങ്ങളുടെ പ്രിയപ്പെട്ട

ധനം എന്റെ മുമ്പിൽകൊണ്ടു വയ്ക്കുന്ന ആയിരക്കണക്കിനാളുകളുണ്ട്. (ഹഖീഖത്തുൽവഹ്‌യ്, റൂഹാനീ ഖസായിൻ വാള്യം 22, പേജ് 239,240)

ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഒരു ആത്മാർഥ സ്വഹാബിയായ ഹദ്റത്ത് സയ്യിദ് നാസിർ ശാഹ് സ്വാഹിബ് ഓവർസിയർ അയച്ച ഒരു കത്തിനെ കുറിച്ചു പറഞ്ഞു. അദ്ദേഹം എഴുതുന്നു, ഇപ്പോൾ ഉള്ളതുപോലെ ഖിയാമത്തുന്നാളിലും ഹുദൂറിന്റെ അനുഗൃഹീത തണലിൽ ഉൾപ്പെടുക എന്നതാണ് ഏറ്റവും വലിയ ആഗ്രഹം. ആമീൻ. ഹുദൂരെ ആലി! ഈ സാധുവിനുള്ള സ്നേഹം എത്രമാത്രമാണെന്നുവച്ചാൽ, എന്റെ എല്ലാ ധനവും ജീവശക്തികളും അങ്ങയ്ക്കു ബലിയാണ്. ആയിരം ജീവനെക്കാൾ ഞാൻ അങ്ങയ്ക്കു ബലിയാണ്. എന്റെ സഹോദരനും എന്റെ മാതാപിതാക്കളും അങ്ങയിൽ ബലിയാണ്. അല്ലാഹു എന്റെ പര്യവസാനം അങ്ങയോടുള്ള സ്നേഹത്തിലും അനുസരണത്തിലും ആക്കിത്തീർക്കുമാറാകട്ടെ. ആമീൻ. (പേജ് 240. അടിക്കുറിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: 'ഈ നിലയിലുള്ള സത്യസന്ധതയും ആഗ്രഹങ്ങളും എന്റെ ജമാഅത്തിലെ അധികമാളുകളിലും കാണുമ്പോൾ അനിയന്ത്രിതമായി എനിക്കു പറയേണ്ടി വരുന്നു, എന്റെ സർവശക്തനായ അല്ലാഹുവേ! വാസ്തവത്തിൽ ഓരോ അണുവിലും നിന്റെ നിയന്ത്രണമാണ്. കലഹംനിറഞ്ഞ ഇക്കാലഘട്ടത്തിൽ ഈ മനസ്സുകളെ നീ എന്നിലേക്കു വലിച്ചുകൊണ്ടു വരികയും അവർക്കു സ്ഥൈര്യം നല്കുകയും ചെയ്തിരിക്കുന്നു. ഇതു നിന്റെ സർവാധിപത്യത്തിന്റെ മഹത്തായ അടയാളമാകുന്നു.'(പേജ് 240)

11. റിട്ടയേർഡ് പോസ്റ്റുമാൻ ഹദ്റത്ത് ഫള്‌ലെ ഇലാഹി സ്വാഹിബ്(റ) പറയുന്നു: എന്റെ ജോലിക്കയറ്റത്തെ സംബന്ധിച്ച് സർക്കാരിൽനിന്ന് കല്പന കിട്ടി. അതു ഞാൻ ഹദ്റത്ത് സ്വാഹിബിനോടു പറഞ്ഞു, എനിക്കു ജോലിക്കയറ്റം കിട്ടി, ഞാനിനി ഇവിടെനിന്നുപോകുകയാണെന്നന്. ഇനി ട്രാൻസ്ഫർ ഉണ്ടാകുമെന്നും അറിയിച്ചു. ഹുദൂർ(അ)പറഞ്ഞു, നോക്കൂ! ഫള്‌ലെ ഇലാഹി! ഇവിടെ (ഖാദിയാനിൽ)ആളുകൾ ആയിരക്കണക്കിന് രൂപ ചെലവഴിച്ചിട്ടാണ് വരുന്നത്. താങ്കൾ ഉദ്യോഗക്കയറ്റത്തിനുവേണ്ടി ഇവിടെനിന്ന് പോകാൻപോകുന്നു. ഇവിടെ താമസിക്കുക. താങ്കൾക്കുണ്ടാകുന്ന കുറവ് നാം പൂർത്തിയാക്കുന്നതാണ്. അങ്ങനെ ഹുദൂറിന്റെ നിർദേശാനുസരണം ഞാൻ പോക്ക് ഉപേക്ഷിച്ചു. അവിടെത്തന്നെ താമസിച്ചു. സാമ്പത്തിക നേട്ടം വേണ്ടെന്നുവച്ചു.

12. ഹദ്റത്ത് മുഫ്തി ഫള്‌ലുർറഹ്മാൻ സ്വാഹിബ് പറയുന്നു: ഗുരുദാസ്പൂരിൽ കേസ്സുകൾ നടന്നിരുന്ന തിയതികളിൽ ഹുദൂർ(അ) എന്നെ സേവകനായി കൂടെക്കൂട്ടുമായിരുന്നു. അക്കാലഘട്ടത്തിൽ കുതിരവണ്ടിയായിരുന്നു യാത്രയ്ക്കു പയോഗിച്ചിരുന്നത്. രാവിലെ പുറപ്പെടുമ്പോൾ ഫള്‌ലുർറഹ്മാൻ എവിടെ എന്നു ചോദിക്കുമായിരുന്നു. ഇവിടെയുണ്ട് എന്നു ഞാൻ പറഞ്ഞാൽ ശരി, ഇല്ലെങ്കിൽ എന്നെ വിളിക്കാൻ ആളയക്കുമായിരുന്നു. ഹുദൂറിന്റെ കുതിരവണ്ടി ഞാൻ തന്നെയായിരുന്നു ഓട്ടിയിരുന്നത്. വണ്ടിക്കാരന് വണ്ടിയോടിക്കാൻ അനുവാദം ഉണ്ടായിരുന്നില്ല. വണ്ടിക്കാരന്റെ സ്ഥലത്ത് ഞാനാണിരുന്നിരുന്നത്. മിയാൻ ശാദിഖാൻ സ്വാഹിബ് എന്റെ മുമ്പിൽ അടുത്തിരിക്കുമായിരുന്നു. വണ്ടിയുടെ ഉള്ളിൽ ഹുദൂർ തനിച്ചേ ഉണ്ടാകുകയുള്ളു. കേസ്സിന്റെ നാളുകൾക്കിടയിൽ എന്റെ രണ്ടാമത്തെ കുട്ടിയ്ക്കു സുഖമില്ലാതെയായി. അവന് ടൈഫോയിഡ് പിടിപ്പെട്ടു. അവനെ കാണുന്നതിന് ഹുദൂർ(അ) എപ്പോഴും വരാറുണ്ടായിരുന്നു. കേസ്സിന്റെ തിയതിക്കു ഒരു ദിവസം മുമ്പേ എന്റെ ഭാര്യ എന്നോട്, ഹുദൂറിന് ദുആയ്ക്കു കത്തെഴുതാൻ പറഞ്ഞു. ഹുദൂർ എല്ലാ ദിവസവും ഇവിടെ വരുന്നുണ്ടല്ലോ, പിന്നെന്തിനെഴുതണമെന്ന് പറഞ്ഞ് ഞാൻ കത്തെഴുതിയില്ല. പക്ഷേ, അവൾ നിർബന്ധം പിടിച്ചപ്പോൾ ഞാൻ കത്തെഴുതിയിട്ടു. ഹുദൂർ അതിന്റെ മീതെ എഴുതി, ഞാൻ ദുആ ചെയ്യുന്നതാണ്. തഖ്ദീറെ മുബർറം ആണെങ്കിൽ അകലുകയില്ല. ഈ വാക്കുകൾ വായിച്ചപ്പോൾ ഞാൻ കരഞ്ഞുപോയി. എന്തിനാണ് കരയുന്നതെന്ന് ഭാര്യ ചോദിച്ചു. ഞാൻ പറഞ്ഞു, ഇനി ഇവൻ നമ്മോടൊപ്പം ഉണ്ടാവില്ല. അവൻ സുഖം പ്രാപിക്കുമായിരുന്നെങ്കിൽ ഹുദൂർ ഇങ്ങനെ എഴുതുമായിരുന്നില്ല. അങ്ങനെ രണ്ടാം ദിവസം രാവിലെ കേസ്സിനു പോകണമായിരുന്നു. എല്ലാവരും ഹുദൂറിനെ പ്രതീക്ഷിച്ച് നാലുംകൂടിയ മുക്കിൽ നില്ക്കുകയായിരുന്നു. ഹുദൂർ വന്നു. ആരോടും ഒന്നും പറഞ്ഞില്ല. നേരെ എന്റെ വീട്ടിൽ വന്നു. കുട്ടിയെ കണ്ടു. തലയിൽ ഊതി. ഇന്ന് താങ്കൾ ഇവിടെ നില്ക്കുക, ഞാൻ നാളെ വരാം, കുട്ടിയുടെ സ്ഥിതി മോശമാണെന്ന് പറഞ്ഞു. അങ്ങനെ ഞാൻ അവിടെ നിന്നു. ഹുദൂറിന്റെ കൂടെ പോകാൻ കഴിയാതിരുന്ന ഒരേയൊരു യാത്ര ഇതുമാത്രമായിരുന്നു.

### സഈദത്തുന്നിസാ സാഹിബ

സയീദത്തുന്നിസാ സാഹിബ(റ)മറ്റുള്ളവരോട് പറയുമായിരുന്നു, മനുഷ്യൻ അർശെ മുഅല്ലായിൽ പോയി അല്ലാഹുവിന്റെ തിരുസന്നിധിയിൽ സജ്ദ ചെയ്യുന്നതിനാണ് നമസ്കാരം എന്നു പറയുന്നത്. എന്റെ ആത്മാവ് അല്ലാഹുവിന്റെ തിരുസന്നിധിയിൽപോയി സജ്ദ ചെയ്യാത്തിടത്തോളം ഞാൻ നമസ്കാരത്തിൽനിന്ന് സലാം വീട്ടാറില്ല. ഈ അവസ്ഥ ഉണ്ടാകുമ്പോൾ ഞാൻ ഇസ്ലാമിനും മുഴുവൻ അഹ്മദിയ്യ ജമാഅത്തിനുംവേണ്ടി ദുആയിൽ മുഴുകുന്നു. (അൽഫള്ൽ 1923 ഡിസംബർ 11 പേജ് 7, 8- താബിയീനെ അസ്ഹാബെ അഹ്മദ് സീറത്ത് ഹദ്റത്ത് സയ്യിദ ഉമ്മു ത്വാഹിർ സാഹിബ പേജ് 24)

### ഹദ്റത്ത് മർയം സിദ്ദീഖ സാഹിബ

മുഹ്ത്തരമ സാഹിബ്സാദി അമത്തുർറശീദ് സാഹിബ പറയുന്നു: ആപാജാൻ വളരെ യിബാദത്ത് ചെയ്യുന്നയാളും തഹജ്ജുദ് നമസ്കരിക്കുന്ന ആളുമായിരുന്നു. ആപാജാന്റെ ദുആകളിൽ വളരെ വേദന ഉണ്ടായിരുന്നു. സ്വുബ്ഹി നമസ്കാരത്തിനുശേഷം അങ്ങേയറ്റം മധുരമായ ശബ്ദത്തിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമായിരുന്നു. റമളാൻ മാസത്തിൽ അവിടത്തെ ആരാധനയുടെ നിറം അസൂയാർഹമാകുമായിരുന്നു. രാത്രി ഉറയ്ക്കമിളയ്ക്കുന്ന ആളുകളെ ഒരുപാട് ദിവസം അവിടന്ന് തന്റെ വീട്ടിൽ താമസിപ്പിച്ചിരുന്നു. അവിടന്ന് തന്നെയും രാത്രിയുടെ വലിയൊരു ഭാഗം യിബാദത്തിൽ കഴിച്ചുകൂട്ടിയിരുന്നു. ഉഷ്ണകാലത്തെ ഒരു പരിശുദ്ധ റമളാൻ മാസത്തിലെ ഒരു രാത്രി വിസ്മരിക്കാൻ പറ്റാത്തതാണ്. ഞങ്ങൾ കുട്ടികളുടെയെല്ലാം കട്ടിലുകൾ നിവർത്തി ഇട്ടതിനുശേഷം അല്പം സ്ഥലം മാത്രമേ ബാക്കി ഉണ്ടാകുകയുള്ളു. അവിടെ ആപാജാനും ഹദ്റത്ത് മൗലവി ഗുലാം റസൂൽ സാഹിബ് പഠാനിന്റെ ഭാര്യ ആഇശ പഠാനി സാഹിബയും സാധാരണയെന്നപോലെ തഹജ്ജുദിൽ വേദനാനിർഭരമായ നിലയിൽ ദുആ ചെയ്യുകയായിരുന്നു. പാൽനിലാവുപോലുള്ള വെളിച്ചംകൊണ്ട് ഞങ്ങളുടെ മുറ്റം പ്രകാശമാനമായത് ഞാൻ കണ്ടു. ഇത് ലയ്ലത്തുൽ ഖദ്റിന്റെ വെളിച്ചമാണെന്ന് എനിക്കോർമ വന്നു. ഞാൻ കിടന്നുകൊണ്ട് ഉറക്കെ ഉറക്കെ പറയാൻ തുടങ്ങി, എനിക്കുവേണ്ടി ദുആ ചെയ്യുക. ആഇശ പഠാനി സാഹിബ പിന്നീട് പറഞ്ഞു, ഈ വെളിച്ചം ഞാനും കണ്ടിരുന്നു. ഞാൻ ആ സമയത്ത് മിയാ ത്വാഹിർ അഹ്മദിനുവേണ്ടി ദുആ ചെയ്യുകയായിരുന്നു. ആപാജാൻ പറയുമായിരുന്നു, റശീദിന്റെ പറച്ചിൽ എന്നെ എല്ലാം മറപ്പിച്ചു കളഞ്ഞു. ഞാൻ എന്റെ മകൾ റശീദിനുവേണ്ടി ദുആ ചെയ്യാൻ തുടങ്ങി. ഞാനും ഈ പ്രകാശം കാണുന്നുണ്ടായിരുന്നു. കുറച്ചു സെക്കന്റുകൾ മാത്രമേ അതുണ്ടായിരുന്നുള്ളു. എന്നോട് ചിരിച്ചുകൊണ്ട് പറഞ്ഞു, നീ ഈ ദൃശ്യം കണ്ടപ്പോൾ എഴുന്നേറ്റ് എന്തുകൊണ്ട് ദുആ ചെയ്തില്ല.(താബിഈനെ അസ്ഹാബെ അഹ്മദ് സീറത്ത് ഹദ്റത്ത് സയ്യിദ ഉമ്മു താഹിർ സാഹിബ പേജ് 200)

ഹദ്റത്ത് മുൻശീ മുഹമ്മദ് ഇസ്മായീൽ സാഹിബ്(റ)നെക്കുറിച്ചു പറയുന്നു, അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തിട്ട് തന്റെ നഗരമായ സിയാൽക്കോട്ടിൽ തിരിച്ചു ചെന്നപ്പോൾ അവിടത്തുകാർ പെട്ടെന്ന് കണ്ടത്, അദ്ദേഹം തന്റെ മുമ്പേയുണ്ടായിരുന്ന ചീട്ടുകളി, ചന്തയിലിരുന്നുള്ള വാചകമടി തുടങ്ങിയ എല്ലാ ദുശ്ശീലങ്ങളും ഉപേക്ഷിക്കുകയും തഹജ്ജുദ് നമസ്കാരം കൃത്യമായി അനുഷ്ഠിക്കുകയും ചെയ്യുന്നതാണ്. അദ്ദേഹത്തിന്റെ ജീവിതത്തിൽ വന്ന ഈ അസാധാരണമായ മാറ്റം കണ്ട് എല്ലാവരും അത്ഭുതപ്പെട്ടു.

നമസ്കാരങ്ങളുടേയും തഹജ്ജുദ് നമസ്കാരത്തിന്റേയും സംവിധാനത്തെക്കുറിച്ച് ഹദ്റത്ത് നവാബ് മുഹമ്മദലി ഖാൻ സാഹിബ്(റ)പറയുന്നു: 'സൂര്യഗ്രഹണ ദിവസത്തെ ഖാദിയാനിലെ നമസ്കാരത്തിൽ ഞാനും പങ്കെടുത്തിരുന്നു. മൗലവി മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി (റ) നമസ്കരിപ്പിച്ചു. നമസ്കാരത്തിൽ പങ്കെടുത്തിരുന്നവർ ഇടതടവില്ലാതെ കരയുകയായിരുന്നു. ആ റമളാനിലെ അവസ്ഥ, രാവിലെ രണ്ടു മണി മുതൽ അഹ്മദിയ്യാ നാൽക്കവലയിൽ കാൽ പെരുമാറ്റം കേൾക്കാമായിരുന്നുവെന്നതാണ്. മിക്ക വീടുകളിലും, മസ്ജിദ് മുബാറക്കിലും തഹജ്ജുദ് നമസ്കാരമുണ്ടായിരുന്നു. ഇടയത്താഴം കഴിക്കുകയും സ്വുബ്ഹിയുടെ ആദ്യ നേരത്തു തന്നെ നമസ്കരിക്കുകയും അതിനുശേഷം ഖുർആൻ ഓതുകയും ചെയ്യും. എട്ടുമണിക്കു ശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) നടക്കാൻപോകും.

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'(ജുമുഅ ഖുത്വ്ബ 4 – 10 – 2019)**

**• കലാമുൽ ഇമാം: •**

**'ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു.'**

**(മൽഫൂദാത്ത് വാള്യം.1 പേജ്. 220)**

**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമു≠ോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732

ത്വാലിബെ ദുആ: T.A. SUDHEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

എല്ലാ ഖാദിമീംകളും ഒപ്പമുണ്ടാകും. ഈ പരമ്പര 11 മണിയോടെ സമാപിക്കും. അതിനുശേഷം ളുഹ്റിന്റെ ബാങ്ക് കൊടുക്കും. ഒരു മണിക്കു മുമ്പേ ളുഹ്ർ നമസ്കാരം കഴിയും. അസ്ര് നമസ്കാരവും ആദ്യനേരത്തുതന്നെ നമസ്കരിക്കും. അസ്റിനും മഗ്രിബിനും ഇടയിലാണ് ഒഴിവ് കിട്ടിയിരുന്നത്. മഗ്രിബിനുശേഷം ഭക്ഷണം കഴിച്ച് എട്ടു എട്ടര മണിയോടെ ഇശാഅ് നമസ്കാരം കഴിയും. അത് കഴിഞ്ഞാൽ ആൾപ്പാർപ്പില്ലാത്ത ഒരു ലോകമായി തോന്നുമായിരുന്നു. എന്നാൽ, രണ്ടു മണിയോടെ എല്ലാവരും ഉണരും. ആൾപ്പെരുമാറ്റമുണ്ടാവുകയും ചെയ്യും. (അസ്ഹാബെ അഹ്മദ്, വാല്യം 2, പേജ് 77).

നവാബ് മുഹമ്മദ് അബ്ദുല്ലാഹ് ഖാൻ സാഹിബിനെക്കുറിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ(റഹ്)ഒരു നിവേദനം രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം നമസ്കാരത്തെ അങ്ങേയറ്റം സ്നേഹിക്കുന്നയാളായിരുന്നു. പ്രത്യേകിച്ച് ജമാഅത്തായുള്ള നമസ്കാരത്തിൽ അദ്ദേഹത്തിന്റെ ഉത്സാഹവും പരിശ്രമവും വേറിട്ട് നില്ക്കുന്ന ഒന്നാണ്. കൃത്യമായി അഞ്ചുനേരവും മസ്ജിദിൽ പോകും. ഹൃദ്രോഗത്താൽ കിടപ്പിലായപ്പോൾ, പ്രേമി തന്റെ പ്രേമഭാജനത്തിന്റെ ശബ്ദം ശ്രവിച്ചാസ്വദിക്കുന്നതുപോലെ ബാങ്കിന്റെ ശബ്ദം സ്നേഹത്തോടെ കേൾക്കുമായിരുന്നു. പിന്നീട് അല്പം നില്ക്കാനും നടക്കാനും സാധിച്ചപ്പോൾ വീട്ടിലെ ഏതെങ്കിലും കുട്ടികളെ പിടിച്ച് മുന്നിൽ നിറുത്തുകയും ജമാഅത്തോടുകൂടി നമസ്കരിച്ച് തൃപ്തിയടയുകയും ചെയ്യുമായിരുന്നു. രത്തൻബാഗിൽ നമസ്കരിക്കുന്ന മുറിയുടെ തൊട്ടടുത്തുതന്നെ കസേരയിൽ ഇരുന്ന് ജമാഅത്തായ നമസ്കാരത്തിൽ പങ്കെടുക്കാറുണ്ടായിരുന്നു. മോഡൺ ടൗണിലെ വീട്ടിൽ പോയപ്പോൾ അവിടേയും വീടിനെ ഒരുതരത്തിലുള്ള മസ്ജിദാക്കി മാറ്റിക്കൊണ്ട് അഞ്ചുനേരവും ജമാഅത്തായി നമസ്കരിക്കാനുള്ള ഏർപ്പാടു ചെയ്തു. അഞ്ചുനേരവും ബാങ്ക് കൊടുപ്പിച്ചു. കാലാവസ്ഥയ്ക്കനുസരിച്ച് ചിലപ്പോൾ വെളിയിൽ പുൽത്തകിടിയിലും ചിലപ്പോൾ മുറിയിൽ പുൽപ്പായ വിരിച്ചും മസ്ജിദിലെത്തി മറ്റു നമസ്കാരക്കാരെ കാത്തിരിക്കുന്നതുപോലെ ആദ്യമേ പോയിരുന്നിരുന്നു. തന്റെ താമസസ്ഥലത്ത് വിവിധതരക്കാരായ ആളുകൾക്ക് അഞ്ചുനേരം പോക്കുവരവിനുള്ള സ്ഥലം ഉണ്ടാക്കിക്കൊടുക്കുക നിസ്സാര കാര്യമല്ല. വിശേഷിച്ച് അത്തരം അവസ്ഥയിൽ ആ സൽകൃത്യത്തിന്റെ വില വീണ്ടും ഉയരുന്നു; വീട്ടുകാരന്റെ ജീവിതത്തിന്റെ നിലവാരം ഉന്നതവും സാമൂഹികമായ ബന്ധങ്ങളുടെ വൃത്തം വളരെ വിശാലവുമായിരിക്കുമ്പോൾ പ്രത്യേകിച്ചും. (അസ്ഹാബെ അഹ്മദ്, വാല്യം 12, പേജ് 152,153).

അഞ്ചുനേര നമസ്കാരത്തിനുള്ള ഏർപ്പാട് ചെയ്യുന്നതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ശേയ്ഖ് ഹാമിദ് അലി സാഹിബ്(റ)നെപ്പറ്റി പറയുന്നു. 'ഹിബ്ബി ഫില്ലാഹ് ശേയ്ഖ് ഹാമിദ് അലി- ഭക്തനായ ചെറുപ്പക്കാരനും ഒരു സാത്ത്വിക കുടുംബാംഗവുമാണ്. ഏഴെട്ടു വർഷമായി എനിക്കുവേണ്ടി സേവനം ചെയ്തുവരുന്നു. എന്നോട് ആത്മാർഥതയും സ്നേഹവുമുണ്ടെന്ന് എനിക്ക് നന്നായിട്ടറിയാം. അതിസൂക്ഷ്മമായ ഭക്തിവരെ എത്തിച്ചേരുക എന്നത് ആരിഫീങ്ങളുടേയും (ഈശ്വരജ്ഞാനികൾ) സ്വാലിഹീങ്ങളുടേയും (സാത്ത്വികരുടേയും) പ്രവൃത്തിയാണെങ്കിലും, ഇദ്ദേഹം ഇദ്ദേഹത്തിന്റെ അറിവനുസരിച്ച് അടുത്തുനിന്ന് പിൻപറ്റുന്നതിലും ഭക്തിസമ്പാദിക്കുന്നതിലും നിമഗ്നനായിരിക്കുകയാണ്. അങ്ങേയറ്റം കഠിനവും മരണരോഗമാണെന്ന് തോന്നുംവിധമുള്ളതും, ക്ഷീണവും ബലഹീനതയും കൊണ്ട് മയ്യിത്തുപോലെയായതുമായ രോഗാവസ്ഥയിൽപോലും -അബോധാവസ്ഥയിലും ക്ഷീണാവസ്ഥയിലുമായിരുന്നിട്ടും സാധിക്കുന്നതുപോലെ അഞ്ചുനേര നമസ്കാരമനുഷ്ഠിക്കുന്നതിൽ ഉത്സാഹിയായിരുന്നു. മനുഷ്യന്റെ ദൈവഭയം അളക്കുന്നതിന് അവന്റെ നമസ്കാരങ്ങളിലുള്ള കൃത്യനിഷ്ഠ മാത്രം നോക്കിയാൽ മതിയെന്ന് എനിക്കറിയാം. തികഞ്ഞ താൽപര്യത്തോടെ നമസ്കരിക്കുകയും ഭയവും രോഗവും പരീക്ഷണത്തിന്റെ അവസ്ഥകളുമൊന്നും നമസ്കാരത്തിൽനിന്ന് തടയാതിരിക്കുകയും ചെയ്യുന്ന വ്യക്തി, നിസ്സംശയം അല്ലാഹുവിൽ സത്യമായൊരു ഈമാൻ കൊള്ളുന്നവനാണെന്ന് എനിക്കുറപ്പുണ്ട്. എന്നാൽ, ഈ ഈമാൻ നല്കപ്പെട്ടിരിക്കുന്നത് ദരിദ്രർക്കാണ്. ഈ അനുഗ്രഹം പ്രാപിക്കുന്ന സമ്പന്നർ നന്നേ കുറവാണ്.' (ഇസാലയെ ഔഹാം, റൂഹാനീ ഖസായിൻ, വാല്യം 3, പേജ് 540).

ആദരണീയനായ മൗലവി ഫള്ൽ ഇലാഹി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അധികമായി സ്നേഹിച്ചിരുന്ന ഹദ്റത്ത് മിർസാ അയ്യൂബ് ബേഗ് സാഹിബി(റ)ന്റെ മാതൃക എങ്ങനെയായിരുന്നുവെന്ന് വിവരിക്കുന്നു:

'ഒരു ദിവസം ഞാൻ മഗ്രിബ് മിർസാ അയ്യൂബ് ബേഗ് സാഹിബിന്റെ കൂടാരത്തിൽ നമസ്കരിച്ചു. ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ് (റ)ഉം അവിടെയുണ്ടായിരുന്നു. മിർസാ അയ്യൂബ് ബേഗ് സാഹിബിന്റെ നമസ്കാരം *അസ്സ്വലാത്തു മിഅ്റാജുൽ മുഅ്മിനീ*ന്റെ (നമസ്കാരം, സത്യവിശ്വാസിയുടെ ആത്മീയപ്രയാണമാണ്) നിറമുൾക്കൊള്ളുന്നതായിരുന്നു. നമസ്കരിക്കുമ്പോൾ ഭൗതിക വിചാരങ്ങളിൽ അശ്രദ്ധനാവുകയും അദ്ദേഹത്തിന്റെ കണ്ണിൽനിന്ന് കണ്ണീർ വീഴുകയും ചെയ്യാറുണ്ടായിരുന്നു. ആ ദിവസം അദ്ദേഹം അസാധാരണമാംവിധം നമസ്കാരം ദീർഘിപ്പിച്ചു. നമസ്കാരത്തിനുശേഷം എല്ലാവരും ഇരുന്നപ്പോൾ മിർസാ സാഹിബിനോട് നമസ്കാരം ദീർഘിപ്പിക്കാനുള്ള കാര്യം ആരോ ചോദിച്ചു. ആദ്യം അദ്ദേഹം ഒന്നും പറഞ്ഞില്ല. എന്നാൽ, ആളുകൾ നിർബന്ധിച്ചപ്പോൾ പറഞ്ഞു: 'ഞാൻ സ്വലാത്ത് ചൊല്ലാൻ തുടങ്ങിയപ്പോൾ, നബി(സ)തിരുമേനി ഒരു പ്ലാറ്റ്ഫോമിൽ ഉലാത്തുകയും പ്രാർഥിക്കുകയും ചെയ്യുന്നത് എനിക്ക് ദർശനമുണ്ടായി. മിർസാ അയ്യൂബ് ബേഗ് സാഹിബ് അറബി വാക്കുകളും ദുആയുടെ അർഥവും പറഞ്ഞു. അതിന്റെ അർഥം ഇങ്ങനെയായിരുന്നു. 'അല്ലാഹുവേ, എന്റെ സമുദായത്തെ വഴികേടിൽനിന്ന് രക്ഷിക്കേണമേ. അവരുടെ വഞ്ചി കരക്കടുപ്പിക്കേണമേ.' ഞാൻ ആ പ്രാർഥനയോടൊപ്പം ആമീൻ പറഞ്ഞുകൊണ്ടിരുന്നു. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇങ്ങനെ പ്രാർഥിക്കുന്നതായി കണ്ടു. 'അല്ലാഹുവേ, അല്ലാഹുവിന്റെ ദൂതൻ മുഹമ്മദ്(സ)ന്റെ പ്രാർഥനകൾ സ്വീകരിക്കേണമേ. ആ മഹാത്മാവിന്റെ ഉമ്മത്തിനെ വഴികേടിന്റെ നീർച്ചുഴിയിൽനിന്ന് രക്ഷിക്കേണമേ.' അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)പ്രാർഥന അവസാനിപ്പിച്ചപ്പോൾ ഞാനും നമസ്കാരം അവസാനിപ്പിച്ചു.'

ഹദ്റത്ത് ചൗദ്രി സഫ്റുല്ലാഹ് ഖാൻ സാഹിബിന്റെ പിതാവായ ഹദ്റത്ത് ചൗദ്രി നുസ്റുല്ലാഹ് ഖാൻ സാഹിബിന്റെ ജീവിതമാതൃക അദ്ദേഹത്തിന്റെ ഒരു മകൻ ഇങ്ങനെ വിവരിക്കുന്നു. 'നമസ്കാരം വളരെ കൃത്യനിഷ്ഠയോടും ഭംഗിയായും പിതാവ് നിർവ്വഹിക്കുന്നത് കുട്ടിക്കാലത്ത് എന്നിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. തഹജ്ജുദ് പതിവായി നമസ്കരിക്കുമായിരുന്നു. ഞാൻ എന്റെ സങ്കല്പത്തിൽ പിതാവിനെ അധികവും നമസ്കരിക്കുന്നതായിട്ടോ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതായിട്ടോ ആണ് ഇപ്പോഴും കാണുന്നത്. ബയ്അത്ത് ചെയ്തതിനുശേഷം സ്വുബ്ഹി കബൂത്തറയിലുള്ള മസ്ജിദിൽ ജമാഅത്തോടുകൂടി നമസ്കരിച്ചിരുന്നു. ഞങ്ങളുടെ വീട്ടിൽനിന്ന് ദൂരത്തായിരുന്നു മസ്ജിദ്. അതുകൊണ്ട് പിതാവ് വീട്ടിൽനിന്ന് ഇരുട്ടുള്ളപ്പോൾത്തന്നെ പുറപ്പെടാറുണ്ടായിരുന്നു.'

ശരീരേച്ഛയെ അടിച്ചമർത്തുന്നതിനുള്ള മറ്റൊരു ഉദാഹരണം ഹദ്റത്ത് സയ്യിദ് അബ്ദുസ്സത്താർ ശാഹ് സാഹിബിന്റേതാണ്. നിവേദനം ചെയ്യുന്നു: 'ഒരു ദിവസം ഹദ്റത്ത് ശാഹ് സാഹിബ് നമസ്കരിക്കാൻ അടുത്തുള്ള മസ്ജിദിൽ പോയി. ആ നേരത്ത് അഹ്മദിയ്യത്തിന്റെ ഒരു ബദ്ധശത്രുവായ ചൗദ്രി റഹീം ബഖ്ശ് സാഹിബ് വുളു ചെയ്യാൻ മണ്ണിന്റെ മൊന്ത കൈയിലെടുത്ത് അവിടെ നില്പുണ്ടായിരുന്നു. ഡോക്ടർ സാഹിബിനെ കാണുമ്പോഴൊക്കെ അയാൾ വിശ്വാസപരമായ കാര്യങ്ങൾ സംസാരിക്കാറുണ്ടായിരുന്നു. (ഡോക്ടർ സാഹിബ് സർക്കാർ ഡോക്ടറായിരുന്നു. സർക്കാർ ആശുപത്രിയിലായിരുന്നു അദ്ദേഹത്തിന് ജോലി). ഹദ്റത്ത് ഡോക്ടർ സാഹിബ് എന്തോ പറഞ്ഞപ്പോൾ ചൗദ്രി റഹീം ബഖ്ശ് സാഹിബ് കോപാന്ധനായിക്കൊണ്ട് കൈയിലിരുന്ന മൊന്തയെടുത്ത് അദ്ദേഹത്തിന്റെ നെറ്റിയിൽ ഇടിച്ചു. ഇടിയുടെ ആഘാതത്താൽ മൊന്ത ഉടഞ്ഞുപോയി. നെറ്റിയുടെ എല്ലുവരെ മുറിവുണ്ടായി. ചോര ചീറ്റാൻ തുടങ്ങി. ഡോക്ടർ സാഹിബിന്റെ വസ്ത്രം ചോരയിൽ മുങ്ങി. അദ്ദേഹം മുറിവ് കൈകൊണ്ട് പൊത്തി. അദ്ദേഹം തന്നെ ആശുപത്രിയിലേക്ക് പോയി. അദ്ദേഹം ആശുപത്രിയിൽ തിരിച്ചുപോയപ്പോൾ ഇനിയെന്തു ചെയ്യുമെന്ന് ഓർത്ത് റഹീം ബഖ്ശ് വല്ലാതെ വിരണ്ടു. അയാൾ സർക്കാർ ഡോക്ടറാണ്. പോലീസ് ഉദ്യോഗസ്ഥരും അയാൾ പറയുന്നതേ കേൾക്കൂ. എനിക്ക് രക്ഷപ്പെടാൻ ഒരു മാർഗവുമില്ല. ഞാൻ എവിടെ പോകാനാണ്? എന്തു ചെയ്യാനാണ്? ഇങ്ങനെയൊക്കെ ചിന്തിച്ച് ചിന്തിച്ച് അയാൾ മസ്ജിദിൽത്തന്നെ കുത്തിയിരുന്നു. ഡോക്ടർ സാഹിബ് ആശുപത്രിയിൽ പോയി മുറിവിൽ മരുന്നുവച്ചുകെട്ടി ചോര പുരണ്ട വസ്ത്രം മാറ്റി വീണ്ടും മസ്ജിദിൽ വന്നു. ചൗദ്രി റഹീം ബഖ്ശ് സാഹിബിനെ കണ്ടുടനെ ചിരിച്ചുകൊണ്ട് ചോദിച്ചു: 'ചൗദ്രി റഹീം ബഖ്ശ് താങ്കളുടെ ദ്വേഷമെല്ലാം അടങ്ങിയോ?'

ഇതുകേട്ടുടനെ ചൗദ്രി റഹീം ബഖ്ശിന്റെ അവസ്ഥ ആകെ മാറിപ്പോയി. ഇരുകൈയും കൂപ്പിക്കൊണ്ട് മാപ്പിനപേക്ഷിച്ചു. പറഞ്ഞു: 'ശാഹ് സാഹിബേ, എന്റെ ബയ്അത്തിന്റെ കത്ത് എഴുതിയാലും.'

(തുടരും)

## അല്ലാഹു നമ്മെ ഒരിക്കലും വിട്ടുകളയുന്നതല്ല!

അല്ലാഹു സത്യമായും വാഗ്ദാനം പാലിക്കുന്നവനാണെന്ന് ഓർത്തുകൊള്ളുവിൻ! അവൻ ഇന്നും തന്റെ പ്രിയ മസീഹിന്റെ ജമാഅത്തിനെ പിന്തുണച്ചു കൊണ്ടിരിക്കുന്നു. അവൻ നമ്മെ ഒരിക്കലും വിട്ടുകളയുന്നതല്ല! ഒരിക്കലും വിട്ടുകളയുന്നതല്ല! ഒരിക്കലും വിട്ടുകളയുന്നതല്ല. മുൻ ഖിലാഫത്തുകളിൽ ചെയ്തിരുന്നതുപോലെ അവൻ ഇന്നും തന്റെ മസീഹിനോട് ചെയ്ത വാഗ്ദാനം പാലിച്ചു കൊണ്ടിരിക്കുന്നു. മുമ്പെന്നപോലെ ഇന്നും അവൻ തന്റെ കാരുണ്യവും അനുഗ്രഹങ്ങളും വർഷിച്ചുകൊണ്ടിരിക്കുകയാണ്. അവൻ വർഷിച്ചുകൊണ്ടേ പോകുന്നതാണ് ഇൻശാ അല്ലാഹ് **(ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് 21/5/2004)**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

**(2015 മെയ്, ജൂൺ)** വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

*(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)*

### ജർമനി ജൽസസാലാനയുടെ മൂന്നാം ദിവസം

ഇന്ന് അഹ്മദിയ്യ ജമാഅത്ത് ജർമനിയുടെ മൂന്നാമത്തേതും അവസാനത്തേതുമായ ദിവസമായിരുന്നു. പരിപാടിയനുസരിച്ച് ഹുദൂർ അയ്യദഹുല്ലാഹ് 4 മണിക്ക് ജൽസാഗാഹിലെത്തി. ളുഹർ-അസ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു.

### ആഗോള ബയ്അത്ത്

തുടർന്ന് പ്രോഗ്രാം അനുസരിച്ച് ബയ്അത്തിന്റെ പരിപാടി നടന്നു. ഇതൊരു ആഗോള ബയ്അത്തായിരുന്നു. മുസ്ലിം ടെലിവിഷൻ അഹ്മദിയ്യ ഇന്റർ നാഷണൽ മുഖേന ലോകം മുഴുവൻ തൽസമയംസംപ്രേഷണം ചെയ്യപ്പെട്ടു. ലോകത്തെല്ലാ രാജ്യങ്ങളിലുമുള്ള അഹ്മദികൾ ഈ വാർത്താവിനിമയമാധ്യമം മുഖേന തങ്ങളുടെ പ്രിയപ്പെട്ട നേതാവിന് ബയ്അത്തുചെയ്യാനുള്ള സൗഭാഗ്യം കരസ്ഥമാക്കി.

ഇന്ന് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബി നസ്രിഹിൽ അസീസിന്റെ അനുഗൃഹീത കരങ്ങളിൽ ജർമനി, അൽബേനിയ, സിറിയ, ഫലസ്ത്വീൻ, നൈജീരിയ, ഇറ്റലീ, റഷ്യ, സുഡാൻ, ട്യൂണിസ് എന്നീ രാജ്യങ്ങളിൽനിന്നുള്ള 43 പേർക്ക് ബയ്അത്തു ചെയ്യാനുള്ള ഭാഗ്യം കിട്ടി. അവസാനം ഹദൂർ ദുആയ്ക്ക് നേതൃത്വം നല്കി.

ബയ്അത്ത് പരിപാടിക്കുശേഷം അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബി നസ്രിഹിൽ അസീസ് ജൽസയുടെ സമാപന സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് സ്റ്റേജിൽ സന്നിഹിതനായപ്പോൾ തക്ബീർ ധ്വനികളാലും മുദ്രാവാക്യങ്ങളാലും അന്തരീക്ഷം മുഖരിതമായി.

സമാപന സമ്മേളനം ഹാഫിള് ദാക്കിർ മുസ്ലിം ബട്ട് സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. അതിന്റെ ഉർദു തർജമ ജർമനി മുബല്ലിഗ് അബ്ദുൽ ബാസിത് ത്വാരിഖ് സാഹിബ് കേൾപ്പിച്ചു. ജർമൻ ഭാഷയിൽ തർജമ കേൾപ്പിച്ചത് സയീദ് ഗേസിലർ സാഹിബായിരുന്നു. അതിനു ശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ *ജോ ഖാക് മെ മിലേ ഉസേ മിൽത്താ ഹെ ആശിനാഏ ആസ്മാനേ വാലേ യെ നുസ്ഖ ഭി ആസ്മാ*
എന്ന പദ്യം മുർത്തളാ മന്നാൻ സാഹിബ് കർണാനന്ദകരമായ ശബ്ദത്തിൽ അവതരിപ്പിച്ചു.

അതിനുശേഷം അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബി നസ്രിഹിൽ അസീസ് വിദ്യഭ്യാസ രംഗത്ത് ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർഥികൾക്ക് സർട്ടിഫിക്കേറ്റും മെഡലും വിതരണം ചെയ്തു. അമീറുൽ മുഅ്മിനീന്റെ അനുഗൃഹീത കരങ്ങളിൽനിന്ന് സമ്മാനം ഏറ്റുവാങ്ങിയവരുടെ പേരുകൾ താഴെ ചേർക്കുന്നു:

1. ഡോക്ടർ ഇഅ്ജാസ് അഹ്മദ് Phd ഇൻ മെഡിക്കൽ Magna cum laude
2. നബീൽ അഹ്മദ് ഹുസയൻ സെക്കന്റ് സ്റ്റേറ്റ് എക്സാമിനേഷൻ ഇൻ ടീച്ചിംഗ്. 97%
3. V-o-l-k-e-r അഹ്മദ് ഖയ്സർ സാഹിബ് സെക്കന്റ് സ്റ്റേറ്റ് എക്സാമിനേഷൻ ഇൻ ടീച്ചിംഗ്. 98%
4. വജാഹത്ത് അഹ്മദ് വഡാഇച്ച് മെഡിക്കൽ 88%
5. കലീം അഹ്മദ് സയ്യിദ് സാഹിബ് മെഡിക്കൽ 85%
6. വലീദ് അഹ്മദ് മിയാൻ സാഹിബ് മാസ്റ്റർ ഓഫ് സയൻസ് ഇൻ ഫിസ്ക്സ് 97%
7. അബ്ദുൽ ബസീർ സാഹിബ് മാസ്റ്റർ ഓഫ് മെഡിക്കൽ എഞ്ചിനിയറിംഗ് 97%
8. അത്വാഉൽഹഖ് സാഹിബ് മാസ്റ്റർ ഇൻ സോഷ്യൽ ആന്തറോപോളജി (സ്വിറ്റ്സർലാൻഡ്).95%
9. ഹമീദ് മഹ്മൂദ് സാഹിബ്, മാസ്റ്റർ ഓഫ് സയൻസ് സോഫ്റ്റ്വെയർ എഞ്ചിനിയറിംഗ് 93%
10. ബാസിൽ അഹ്മദ് മിർസാ സാഹിബ് മാസ്റ്റർ ഓഫ് എഞ്ചിനിയറിംഗ് ഇൻ കൺസ്ട്രക്ഷൻ ഇൻഡിസ്ട്രി 91%
11. ഉഥ്മാൻ മഹ്മൂദ് ഖലീൽ സാഹിബ് മാസ്റ്റർ ഓഫ് സയൻസ് ഇൻ ഫിസ്ക്സ് 90%
12. അത്വാഉൽമുൻയിം ചൗദ്ദരി സാഹിബ് മാസ്റ്റർ ഇൻ automotive എഞ്ചിനിയറിംഗ് 89%
13. ഹുമയൂൺ അഹ് മദ് ഖാൻ സാഹിബ് മാസ്റ്റർ ഇൻ മെക്കാനിക്കൽ എഞ്ചിനിയറിംഗ് 89%
14. അബ്ദുൽ വഹീദ് വഡാഇച്ച് സാഹിബ് എം. ബി.എ എക്സിക്യൂട്ടീവ് 89%
15. മലിക് ഫഹീം ഘ്ലോംഘർ സാഹിബ് മാസ്റ്റർ ഇൻ കമ്പ്യൂട്ടർ സയൻസ് 89%
16. ത്വയ്യിബ് അഹ്മദ് സാഹിബ് എം.ബി.എ ഇൻ ഫിനാൻഷ്യൽ മാനേജ് മെന്റ്
17. അഖ്ലാഖ് മലിക് സാഹിബ് മാസ്റ്റർ ഇൻ കമ്പ്യൂട്ടർ സയൻസ് 88%
18. ശഹ്സാദ് മുജീബ് സാഹിബ് മാസ്റ്റർ ഓഫ് എഞ്ചിനിയറിംഗ് ഇൻ ഐ.ടി 87%
19. മലിക് ഫഹീം ഘ്ലോംഘർ സാഹിബ് മാസ്റ്റർ ഇൻ സിവിൽ എഞ്ചിനിയറിംഗ് 87%
20. അഹ്മദ് നയീം ഖുറയ്ശി സാഹിബ് CGPA3.69 out of 4.00
21. അനീസ് അഹ്മദ് നദീം സാഹിബ് മാസ്റ്റർ ഇൻ ബിസിനസ് statistics 3.67 out of 4
22. ഫറാസ് അഹ്മദ് കാമ്റാൻ സാഹിബ് മാസ്റ്റർ ഓഫ് ഫിലോസഫി ഇൻ അഡ്വാൻസ്ഡ് കമ്പ്യൂട്ടർ സയൻസ് 73%.
23. വഖാസ് അലി സാഹിബ് ബി.എഡ്. ഇൻ എക്ണോമിക്സ് & statistics GPA 3.53 out of 4
24. ഉഥ്മാൻ മുബാറക് സാഹിബ് മാസ്റ്റർ ഓഫ് ഫിലോസഫി ഇൻ ബയോകെമിസ്ട്രി GPA 3.37 out of 4.
25. മസ്ഊദ് അഹ്മദ് റഗീദ് സാഹിബ് ബി.എഡ്. ഇൻ ഇക്ണോമിക്സ് & statistics 81%
26. മുനീബ് അഹ്മദ് സാഹിബ് ബാച്ചുലർ ഓഫ് എഞ്ചിനിയറിംഗ് 87% ഇൻ റെഫ്രിജിറേഷൻ ആൻഡ് എയർ കണ്ടീഷനിംഗ് 95%
27. റാഫിഅ് ത്വാഹിർ സാഹിബ് ബാച്ചുലർ ഓഫ് ഫെസിലിറ്റി മാനേജ്മെന്റ് 91 %
28. റശീദ് അഹ്മദ് ബാജ്വാ സാഹിബ് ബാച്ചുലർ ഓഫ് ഓണേഴ്സ് ഇൻ ഇസ്ലാമിക് സ്റ്റഡീസ് 90%
29. ഉസാമ ബാജ്വാ സാഹിബ് ബാച്ചുലർ ഇൻ സിവിൽ എഞ്ചിനിയറിംഗ് 89%
30. നുഅ്മാൻ നാസിർ സാഹിബ് ബി.എ.പൊളിറ്റിക്കൽ എഞ്ചിനിയറിംഗ് 88%
31. ലബീദ് അഹ്മദ് ഖാളീ സാഹിബ് ബാച്ചുലർ ഇൻ കമ്പ്യൂട്ടർ സയൻസ് 88%
32. ആഫാൻ അഹ്മദ് കാഹ്ലൂൺ ബി.എ. ഇൻ ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ 87%
33. ഉമർ ഫാറൂഖ് നാസ് സാഹിബ് ബി.എസ്. ഇൻ കമ്പ്യൂട്ടർ സയൻസ് 87%
34. ബശീർ അഹ്മദ് ശെയ്ഖ് സാഹിബ് ബാച്ചുലർ ഇൻ കൺസ്ട്രക്ഷൻ എഞ്ചിനിയറിംഗ് 85%
35. ബാബർ മുഹ്യുദ്ദീൻ ബട്ട് സാഹിബ് ബാച്ചുലർ ഇൻ സിവിൽ എഞ്ചിനിയറിംഗ് 85%
36. സയ്യിദ് ഹമ്മാദ് സമാം അബ്ബാസി സാഹിബ് ബി.എ. ഇൻ കമ്മ്യൂണിക്കേഷൻ മാനേജ്മെന്റ്85%
37. യാസിർ മഹ്മൂദ് സാഹിബ് ബി.എസ് ഇൻ mathamtics(പാക്കിസിതാൻ) CGPA 3.84 out of 4.00
38. ത്വാഹിർ റശീദ് ബട്ട് സാഹിബ് ബി.എസ് ഇൻ ഇൻഡസ്ട്രിയൽ എഞ്ചിനിയറിംഗ് 85%
39. ആമിർ സയീദ് ഖാൻ സാഹിബ് ബി.എസ് ഓണർ ഇൻ ബയോടെക്നോളജി ആന്റ് ഇൻഫർ മേഷൻ(പാക്കിസ്താൻ) 2039 പോയന്റ്സ് ഔട്ട് ഓഫ് 4
40. നയ്യർ അഹ്മദ് ശെയ്ഖ് സാഹിബ് ആബിടോർ 100%
41.സയ്ൻ മുബശ്ശിർ സാഹിബ് ആബിടോർ 95%
42. കാമ്റാൻ അഹ്മദ് ഖാൻ സാഹിബ് ആബിടോർ 96%
43. മബ്റൂർ അഹ്മദ് സാഹിബ് ആബിടോർ 93%
44. ത്വൽഹ നസീർ സാഹിബ് ആബിടോർ 93%
45. ഥമർ ഇഅ്ജാസ് സാഹിബ് Realschulabsc-cluss 97%

ഇതിനുശേഷം പരിപാടിയനുസരിച്ച് ഒരു ജർമൻ അതിഥി Harald Kindermann പ്രസംഗിച്ചു. ഇദ്ദേഹം വിവിധ രാജ്യങ്ങളിൽ അംബാസിഡറായി ജോലി ചെയ്തിട്ടുണ്ട്. ഈയിടെയായി ജർമൻ ഫോറിൻ പോളിസി ടെക്നിക്കിന്റെ ജനറൽ സെക്രട്ടറിയാണ്. ഇദ്ദേഹത്തിന്റെ പ്രസംഗത്തിനുശേഷം ഹാംബർഗ് സംസ്ഥാന പാർലമെന്റംഗം ഗുൽഫാം മലിക് സാഹിബ് പ്രസംഗിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹമൊരു മുഖ്ലിസ് അഹ്മദീ യുവാവാണ്. ഹാംബർഗ് സംസ്ഥാനത്തിന്റെ പാർലമെന്റംഗമായി ആദ്യമായാണ് തിരഞ്ഞെടുക്കപ്പെടുന്നത്.

### 2015 ജൂൺ 7
### ഹുദൂറിന്റെ സമാപന പ്രഭാഷണം

അതിനുശേഷം 5.10 ന് ഹുദൂർ അയ്യദഹുല്ലാ

• അല്ലാഹുവിന്റെ കലാം: •

എന്നെ ആരാധിക്കാൻവേണ്ടിയല്ലാതെ ജിന്നിനെയും ഇൻസിനെയും ഞാൻ സൃഷ്ടിച്ചിട്ടില്ല
വിശുദ്ധ ഖുർആൻ(51:57)

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

• അല്ലാഹുവിന്റെ കലാം: •

ഇബ്റാഹീം പ്രാർഥിച്ചുകൊണ്ട് പറഞ്ഞ സന്ദർഭം സ്മരിക്കുക. എന്റെ നാഥാ ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമേ ( വിശുദ്ധ ഖുർആൻ 14:36)

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

EDITOR
H.Shamsuddin
Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 22 June 2023 Issue-25

MANAGER
Sheik Mujahid
Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ഹുത്തആലാ ബിന്സ്രിഹിൽ അസീസ് ജർമ നി ജൽസസാലാനയുടെ സമാപന പ്രഭാഷണം നടത്തി. തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹായും ഓതിയതിനുശേഷം ഹുദൂർ താഴെ പറയുന്ന ഖുർആനിക വചനം ഓതിക്കൊണ്ടാണ് പ്രസംഗം ആരംഭിച്ചത്.

*ഉദ്ഉ ഇലാ സബീലി റബ്ബിക്ക ബിൽഹിക്മത്തി വൽമൗയിളത്തിൽഹസനത്തി വ ജാദിൽഹും ബില്ലത്തീ ഹിയ അഹ്സനു ഇന്ന റബ്ബക്ക ഹുവ അഅ്‌ലമു ബിമൻ ളല്ല അൻ സബീലിഹീ വഹുവ അഅ്‌ലമു ബിൽമുഹ്‌ത്തദീൻ വമൻ അഹ്സനു ഖൗലൻ മിമ്മൻ ദആ ഇലല്ലാഹി വ അമില സ്വാലിഹൻ വ്വഖാല ഇന്നനീ മിനൽമുസ്‌ലിമീൻ*

അതിനുശേഷം ഹുദൂർ പറഞ്ഞു:അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ജർമനി അഹ്മദിയ്യ ജമാഅത്തിനെ പരിചയപ്പെടുത്തുന്നതിൽ വളരെയധികം വർധിച്ചിട്ടുണ്ട്. ഇവിടെ മുമ്പേയും തബ്‌ലീഗ് ചെയ്തുകൊണ്ടിരുന്നിട്ടുള്ളതാണ്. ജർമനി ജമാഅത്ത് തബ്‌ലീഗ് രംഗത്ത് മുമ്പേയും ഒരുപാട് നല്ല പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്. പക്ഷേ, എല്ലാ വിഭാഗം ആളുകൾവരേയും അഹ്മദിയ്യ ജമാഅത്തിനെ പരിചയപ്പെടുത്താൻ കഴിഞ്ഞു. കുറച്ചു വർഷങ്ങളായിട്ടുണ്ടായിട്ടുള്ള ഈ വൈപുല്യം ഇതിനുമുമ്പേ ഉണ്ടായിട്ടില്ല. രാഷ്ട്രീയക്കാരിലും അഭ്യസ്തവിദ്യരിലും സാധാരണക്കാരിലും ജമാഅത്തിന് മുമ്പത്തേതിനെ അപേക്ഷിച്ച് വളരെയധികം പ്രസിദ്ധിയാണ് ഉണ്ടായിട്ടുള്ളത്. ഇക്കാരണംകൊണ്ടാണ് ചിലവിഭാഗങ്ങളിലും ചില പത്രങ്ങളിലും നമുക്കെതിരിൽ ശത്രുതാപരമായ നടപടിയും സ്വീകരിക്കപ്പെട്ടിട്ടുള്ളത്. ജമാഅത്തിന് ദുഷ്പേരുണ്ടാക്കാനുള്ള ശ്രമവും നടന്നുവരുന്നു. അല്ലെങ്കിൽ പരിശ്രമിക്കുന്നു. പക്ഷേ, അതിന്റെ ചികിത്സയും അല്ലാഹുതന്നെ മറ്റുള്ളവർ മുഖേന ചെയ്തു. അവരിലെ രാഷ്ട്രീയക്കാരും അഭ്യസ്തവിദ്യരുമായിട്ടുള്ളവർ എന്നല്ല മതവുമായി ഒരു ബന്ധവുമില്ലാത്തവർപോലും ജമാഅത്തിനുവേണ്ടി ശബ്ദമുയർത്തിക്കൊണ്ടിരിക്കുന്നു. ഇത് ജർമൻകാരുടെ മാന്യതയും കൂടിയാണ്. എന്നല്ല ചില സ്ഥലങ്ങളിൽ ഇസ്‌ലാമിക നിയമങ്ങളും ചട്ടങ്ങളും സ്കൂളുകളിലെ സിലബസ്സിനുവേണ്ടി തയ്യാറാക്കപ്പെടുമ്പോൾ ജമാഅത്തിന്റെ അഭിപ്രായങ്ങൾക്ക് വലിയ പ്രാധാന്യമാണ് അവർ നല്കുന്നത്. ഇക്കാര്യങ്ങളുടെ പ്രകടനം നമ്മൾ മസ്ജിദുകൾ നിർമിക്കുന്ന സ്ഥലങ്ങളിൽ പങ്കെടുക്കുന്ന തദ്ദേശ രാഷ്ട്രീയക്കാരും തദ്ദേശവാസികളുമായവരുടെ അഭിപ്രായ പ്രകടനങ്ങളിൽ ഉണ്ടാകാറുണ്ട്. ഇതു അല്ലാഹുവിൽനിന്നുമാത്രം വീശുന്ന കാറ്റാണ്. ജമാഅത്തിന്റെ പരിചയപ്പെടുത്തൽ ഇപ്പോൾ ഏറെ വർധിച്ചിരിക്കുകയാണ്. ഇതിലും നമ്മുടെ എതിരാളികൾക്ക് വളരെ പങ്കുണ്ട്.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:തങ്ങളുടെ പ്രദേശത്ത് എതിർപ്പൊന്നുമില്ലെന്നും കുഴപ്പങ്ങളൊന്നുമില്ലെന്നും സമാധാനമാണെന്നും ആരോ പറഞ്ഞപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:യഥാർഥ സന്ദേശം വ്യാപിക്കുന്നത് എതിർപ്പുള്ള സ്ഥലത്താണ്. യൂറോപ്യൻ രാജ്യങ്ങളിൽ വിവിധ മാർഗങ്ങളിലൂടെ എതിർപ്പുണ്ടാകുന്ന രാജ്യങ്ങളിൽ ആദ്യത്തെ രാജ്യം ജർമനിയാണ്. ഒരു ഭാഗത്ത് ഏറ്റവും കൂടുതൽ തദ്ദേശവാസികളാണ് ഈ രാജ്യത്ത് നമ്മെ പിന്തുണയ്ക്കുന്നവർ. മറുഭാഗത്ത് എതിർക്കുന്നവരുടെ വിഭാഗവും അവർ കുറച്ചാണെങ്കിൽത്തന്നെയും ചുറുചുറുക്കോടെ തങ്ങളുടെ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ ജർമനക്കാരിൽനിന്ന് പ്രതീക്ഷിക്കാവുന്നത് ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ തിരിച്ചറിയുന്നവർ ഇവരുടെ ഭൂരിപക്ഷമായിരിക്കുമെന്നതാണ്. ഇൻശാഅല്ലാഹ്.

ഹുദൂർ പറഞ്ഞു:നമ്മൾ ഇവിടെ ഏതെങ്കിലും രാഷ്ട്രീയപരമായ ലക്ഷ്യങ്ങൾ കരസ്ഥമാക്കാനോ കേവലം സ്വന്തം നേട്ടത്തിനോ അവരെ ഉപയോഗിക്കാൻ പാടില്ല. പ്രത്യുത അവരോടു നന്ദി പ്രകടിപ്പിക്കാനുള്ള ഏറ്റവും ഉത്തമമായ മാർഗമെന്താണെന്നാൽ, അവർക്ക് ഇസ്‌ലാമിന്റെ സൽഗുണങ്ങളെക്കുറിച്ച് ദൃഢനിശ്ചയത്തോടെ പറഞ്ഞുകൊണ്ടിരിക്കുക. ഹൃദയങ്ങളെ തുറക്കുന്ന ജോലി അല്ലാഹുവിന്റേതാണെന്നതിൽ സംശയമൊന്നുമില്ല. യഥാർഥ മതത്തിന്റെ സന്മാർഗ പാതകളിൽ നടത്തുക അല്ലാഹുവിന്റെ ജോലിയാണ്. പക്ഷേ, അല്ലാഹു നമ്മളിൽ കുറച്ചു ചുമതലകളും ഇട്ടുതന്നിട്ടുണ്ട്. നമ്മളോടും ആ സന്മാർഗത്തിന്റെ വഴികളിലേക്ക് ലോകത്തിന് വഴികാണിച്ചു കൊടുക്കാൻ പറഞ്ഞു. ഒന്ന് സമാധാനത്തിന്റേയും സ്നേഹത്തിന്റേയും നോട്ടീസുകൾ മുഖേന നിങ്ങൾ വിപുലമായ രീതിയിൽ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം എത്തിച്ചിരിക്കുന്നു. പക്ഷേ, ഇപ്പോൾ അതിനുമീതെ ജനങ്ങൾക്ക് ഇതും പറഞ്ഞുകൊടുക്കണം. ജർമനിയും ഇതിൽപെടുന്നു. അതായത് നിങ്ങളുടെ യഥാർഥ മോക്ഷത്തിന് അല്ലാഹു ലോകത്തയച്ചിട്ടുള്ളത് ഹദ്റത്ത് ഖാത്തമുൽ അമ്പിയാഅ് മുഹമ്മദു റസൂലുല്ലായെ(സ) ആണ്. ആ മഹാത്മാവിനോടു അല്ലാഹു ചെയ്ത വാഗ്ദാനമനുസരിച്ച് അല്ലാഹുവിന്റെ യഥാർഥ അധ്യാപനം മുന്നോട്ടു കൊണ്ടുപോകുന്നതിന് ഇക്കാലത്ത് ഹദ്റത്ത് വാഗ്ദത്ത മസീഹിനെ അല്ലാഹു അയച്ചിരിക്കുന്നു. അപ്പോൾ നിങ്ങളുടെ ഇഹലോകവും പരലോകവും നന്നാക്കുന്നതിന് അദ്ദേഹവുമായി ചേർന്നു നില്ക്കാൻ നിങ്ങൾ ശ്രമിക്കേണ്ടതാണ്.

•••

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**




(പേജ് 1ൽനിന്ന്)

രിക്കുക. പ്രത്യുത നിർബന്ധ കടമയാണെന്ന് മനസ്സിലാക്കി ഈ ജോലി ചെയ്യുക.(2) അനാഥന് തന്റെ സമ്പത്തിന്റെ ഏറ്റക്കുറച്ചിലിനെ സംബന്ധിച്ച് അന്വേഷിക്കാനൊന്നും പറ്റുകയില്ല. അതുകൊണ്ട് യതീമിന്റെ മുതൽ തങ്ങൾ തിന്നുകയാണെങ്കിൽ ആരും ചോദിക്കാനുണ്ടാകുകയില്ലെന്ന ചിന്ത ആർക്കും ഉണ്ടാകാതിരിക്കാൻ അല്ലാഹു യത്തീം അഥവാ അനാഥന്റെ സമ്പത്തിനെ തന്റെ ഉടമ്പടിയിൽ ഉൾപ്പെടുത്തി. അതുകൊണ്ടാണ് ആരെങ്കിലും അങ്ങനെ ചെയ്താൽ നാം ചോദിക്കുന്നതാണെന്നും ഇതു നമ്മുടെ ഉടമ്പടിയാണെന്നും പറഞ്ഞത്.

(3) യത്തീമിനെ കുറിച്ച് പറഞ്ഞുകൊണ്ട് യത്തീം അല്ലെങ്കിലും യത്തീമിനെപ്പോലുള്ളവരെ കുറിച്ചും ഇവിടെ പറഞ്ഞാതാകനുമിടയുണ്ട്. ഉദാഹരണത്തിന് ദുർബലരായ ജനതകൾ. അവർ തങ്ങളുടെ ശക്തരായ ജനതകൾക്ക് സംരക്ഷണം നല്കുന്നു. അതുകൊണ്ട് അനാഥരെക്കുറിച്ച് പറഞ്ഞതിനോടൊപ്പം അവരോടുള്ള കടമകളെക്കുറിച്ചും ശ്രദ്ധ ക്ഷണിച്ചു. അതായത് ചില ജനതകൾ അനാഥരുടെ സ്ഥാനത്തായിരിക്കും ഉണ്ടാകുക. അവരുടെ അവകാശങ്ങൾ നിങ്ങളുടെ കൈകളിൽ വരുന്നു. അപ്പോൾ അവരുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്നത് നിങ്ങളുടെ നിർബന്ധ കടമയാണെന്നതിൽ സംശയമൊന്നുമില്ല. പക്ഷേ, എന്നെന്നേക്കുമായി അതിന്റെ നിയന്ത്രണം കൈയിൽവെക്കാൻ പാടില്ല. അവരിൽ അത് സംരക്ഷിക്കാനുള്ള യോഗ്യതയുണ്ടായിക്കഴിഞ്ഞാൽ അവരുടെ സമ്പത്ത് അവരെ തിരിച്ചേല്പിക്കുക. ലോകം ഇതനുസരിച്ച് പ്രവർത്തിക്കുകാണെങ്കിൽ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന ജാതീയമായ വെറുപ്പ് അകലുന്നതായിരിക്കും. ചില ഘട്ടങ്ങളിൽ ശക്തരായൊരു ജനത ദുർബലരായ ജനതയുടെ സംരക്ഷണത്തിന് അവരുടെ മേൽനോട്ടപ്രവൃത്തി കൈയിലെടുക്കാൻ നിർബന്ധിതാരാകുന്നു എന്നതിൽ സംശയമൊന്നുമില്ല. എന്നാൽ, ആ ദുർബലജനത തങ്ങളുടെ ഉള്ളിൽ കരുത്തുണ്ടാക്കിക്കഴിഞ്ഞാൽ എത്രയും വേഗം അവരുടെ സമ്പത്ത് അവരെ നിർബന്ധമായും ഏൽപിക്കുകയെന്നതാണ്. ആ ജനത പക്വതപ്രാപിച്ചശേഷം അവരുടെ രാജ്യത്തിന്റേയും സമ്പത്തിന്റേയുംമേൽ നിയന്ത്രണം വെക്കരുത്. (തഫ്സീറെ കബീർ വാള്യം 4, പേജ് 332, പ്രസാധനം ഖാദിയാൻ 2010)




(പേജ് 1ൽനിന്ന്)

പ്രകൃതങ്ങളുടെ അവസ്ഥയനുസരിച്ചുള്ള കാര്യങ്ങൾ ഉപദേശകന്റെ നാവിൽനിന്ന് പുറത്തു വരികയില്ല. അയാളുടെ അറിവും ബുദ്ധിയുമനുസരിച്ച് അവരുടെ രുചിക്കനുസരിച്ചിട്ടുള്ള സംസാരം ഉണ്ടാകുന്ന സമയവും ചില ഘട്ടങ്ങളിലുണ്ടാകാറുണ്ട്. അത് അവർക്ക് പ്രയോജനപ്പെടുകയും ചെയ്യുന്നു. മനുഷ്യൻ തുടരെത്തുടരെ ഇവിടെ വരാതിരിക്കുകയും കൂടുതൽ ദിവസം താമസിക്കാതിരിക്കുകയും അവരുടെ രുചിക്കനുസരിച്ചുള്ള സംസാരം ഇല്ലാതിരിക്കുകയും അതുകൊണ്ട് അയാൾക്ക് ദുഷ്ചിന്ത ഉണ്ടാകുകയും ചെയ്താൽ സദുദ്ദേശ്യത്തിന്റെ മാർഗത്തിൽനിന്ന് ദൂരത്തുപോയി വീഴുകയും നശിക്കുകയും ചെയ്തേക്കാം. ചുരുക്കത്തിൽ വിശുദ്ധ ഖുർആനിന്റെ ഉദ്ദേശ്യമനുസരിച്ച് ജീവിച്ചിരുക്കുന്നവരുടെ സഹവാസത്തിൽ കഴിയുന്നതാണ് സ്ഥാപിതമായിട്ടുള്ളത്.(മൽഫൂദാത്ത് വാല്യം 1, പേജ് 482, പ്രസാധനം 2018, ഖാദിയാൻ പതിപ്പ്)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin